# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നീലേശ്വരം മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി 4/277/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 23/05/2022
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
നീലേശ്വരം മുനിസിപ്പാലിറ്റി

സർ,

വിഷയം : നീലേശ്വരം മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നീലേശ്വരം മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ,സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം (ഇ.മെയിൽ)
2) സെക്രട്ടറി, തദ്ദേശ സ്വയംഭരണവകുപ്പ് തിരുവനന്തപുരം ( ഉപരിപത്രം സഹിതം)
3) റീജിയണൽ ജോയന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ് , കോഴിക്കോട് (ഉപരിപത്രം സഹിതം)
4)കാര്യാലയപകർപ്പ്

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി 4/277/2022 തീയ്യതി: 23/05/2022

# കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 17-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.നാരായണ കമ്മത്ത് പി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 07-03-2022 | 17-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-03-2022 | 17-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1)വിനോത് കുമാർ.സി, ഓഡിറ്റ് ഓഫീസർ
2)യദവകുമാര.സി.എച്ച്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3)രഘുനാഥൻ.കെ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4)കെ.സി.കുഞ്ഞികൃഷ്ണൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
5)സുനിൽ കുമാർ.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
6)ബിന്ദു.വി.വി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രൊഫ. കെ.പി. ജയരാജൻ | ചെയർമാൻ | 01-04-2020 | 30-11-2020 |
| ശ്രീമതി.ശാന്ത | ചെയർപേഴ്സൺ | 01-12-2020 | 31-03-2021 |
| ശ്രീ.ശിവജി. സി.കെ | സെക്രട്ടറി | 01-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുബൈർ. കെ.പി. | ഹെൽത്ത് ഓഫീസർ | 01-04-2020 | 18-08-2020 |
| നാരായണി.ടി | ഹെൽത്ത് ഓഫീസർ | 19-08-2020 | 04-11-2020 |
| രാജീവൻ.കെ.വി | ഹെൽത്ത് ഓഫീസർ | 05-11-2020 | 04-02-2021 |
| പ്രകാശൻ.എ.കെ | ഹെൽത്ത് ഓഫീസർ | 05-02-2021 | 31-03-2021 |
| ഗണേശൻ. കെ | മുനിസിപ്പൽ എഞ്ചിനിയർ | 01-04-2020 | 15-07-2020 |
| രജീഷ് കുമാർ.സി | മുനിസിപ്പൽ എഞ്ചിനിയർ | 16-07-2020 | 31-03-2021 |
| ഷിജോ. കെ.എ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| അനുമോൾ. പി.ജെ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 04-11-2020 |
| ഗിരിജ.കെ.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 05-11-2020 | 31-03-2021 |
| പ്രമോദ്. കെ. | പ്രൊജക്ട് ഓഫീസർ നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 01-04-2020 | 31-03-2021 |
| അബ്ദുൾലത്തീഫ്. എൻ | പ്രിൻസിപ്പാൾ-ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ | 01-04-2020 | 31-05-2020 |
| ബീഗം ഷീജ | പ്രിൻസിപ്പാൾ-ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ | 01-06-2020 | 19-06-2020 |
| ആനന്ദവല്ലി | പ്രിൻസിപ്പാൾ- | 20-06-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ | | |
| ഡോ.പ്രദീപ് കുമാർ.പി.വി | വെറ്റിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ഡോ. ജമാൽ അഹമ്മദ്. എ. | മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ) | 01-04-2020 | 31-03-2021 |
| ഡോ.പ്രിയ.കെ. ടി. | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ. രതീഷ്.പി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-03-2021 |
| സുനിൽ.എം | വ്യവസായ വികസന ഓഫീസർ | 01-04-2020 | 22-02-2021 |
| ജെയിൻ.സി.ജെ | വ്യവസായ വികസന ഓഫീസർ | 23-02-2021 | 05-03-2021 |
| ദിവ്യ ജി കൃഷ്ണൻ | വ്യവസായ വികസന ഓഫീസർ | 06-03-2021 | 31-03-2021 |
| അരുൺ സൂര്യ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 12-06-2020 |
| പോൾ.എം.എഫ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 13-06-2020 | 31-03-2021 |
| ബാബു. എ. | പട്ടിക വർഗ്ഗ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| സതീഷ് കുമാർ. പി.വി | പട്ടിക ജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 16-03-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 16-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധന – നിരീക്ഷണങ്ങൾ<br>Written By: Sunilkumar. M (Senior Grade Auditor, On 16-03-2022)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 16-03-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 16-03-2022)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 16-03-2022) | 1-2-1 |
| 4 | Earmarked Fund രേഖപ്പെടുത്തിയതിലെ അപാകത<br>Written By: Sunilkumar. M (Senior Grade Auditor, On 16-03-2022)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 16-03-2022) | 1-2-2 |
| 5 | സ്ഥിര നിക്ഷേപം-വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയ വിവരങ്ങളിലെ അപാകത.<br>Written By: Sunilkumar. M (Senior Grade Auditor, On 16-03-2022)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 16-03-2022) | 1-2-3 |
| 6 | KURDFC-ലോൺ വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 16-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 30-03-2022) | 1-2-4 |
| 7 | മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്- സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക വരുമാനക്കണക്കിൽ ചേർത്തിട്ടില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 16-03-2022)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 16-03-2022) | 1-2-5 |
| 8 | ബാധ്യതാ ഫണ്ടുകളുടെ അക്കൗണ്ടിംഗിലെ അപാകതകൾ.<br>Written By: Sunilkumar. M (Senior Grade Auditor, On 16-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 01-04-2022) | 1-2-6 |
| 9 | റീക്കൺസിലിയേഷൻ പത്രികയിൽ ആറ് മാസത്തിലധികം പഴക്കമുള്ള ചെക്കുകളും ചേർത്തു കാണുന്നു.<br>Written By: Sunilkumar. M (Senior Grade Auditor, On 16-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 30-03-2022) | 1-2-7 |
| 10 | കൃത്യമായ വിവരങ്ങൾ ചേർക്കാതെ തുക വരവിലെടുക്കുന്നു.<br>Written By: Sunilkumar. M (Senior Grade Auditor, On 16-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 01-04-2022) | 1-2-8 |
| 11 | ഡെപ്പോസിറ്റ്- അഡ്വാൻസ് വിവരങ്ങളിലെ അപാകത<br>Written By: Sunilkumar. M (Senior Grade Auditor, On 16-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 20-04-2022) | 1-2-9 |
| 12 | ബാലൻസ് ഷീറ്റിലെ മറ്റ് പ്രധാന അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 16-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 19-04-2022) | 1-2-10 |
| 13 | നഗരസഭാ റഗുലർ ജീവനക്കാരുടെ പെൻഷൻഫണ്ട്.<br>Written By: Sunilkumar. M (Senior Grade Auditor, On 16-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 20-04-2022) | 1-2-11 |
| 14 | നഗരസഭാ കണ്ടിൻജന്റ് ജിവനക്കാരുടെ പെൻഷൻഫണ്ട്.<br>Written By: Sunilkumar. M (Senior Grade Auditor, On 16-03-2022)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 16-03-2022) | 1-2-12 |
| 15 | സാമ്പത്തിക വിശകലനം | 1-3 |

| | | |
|---|---|---|
| | Written By: Sunilkumar. M (Senior Grade Auditor, On 16-03-2022)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 16-03-2022) | |
| 16 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം<br>Written By: Sunilkumar. M (Senior Grade Auditor, On 15-03-2022)<br>Last Updated By: Priyesh M.K (Computer Assistant, On 06-05-2022) | 1-4 |
| 17 | പദ്ധതി അവലോകനം<br>Written By: Raghunadhan. K (Asst. Audit Officer, On 08-03-2022)<br>Last Updated By: Priyesh M.K (Computer Assistant, On 06-05-2022) | 1-5 |
| 18 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 17-03-2022)<br>Last Updated By: Kunjhikrishnan. K.C (Senior Grade Auditor, On 17-03-2022) | 1-6 |
| 19 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 17-03-2022)<br>Last Updated By: Priyesh M.K (Computer Assistant, On 06-05-2022) | 1-7 |
| 20 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Bindu.V.V (Auditor, On 17-03-2022)<br>Last Updated By: Bindu.V.V (Auditor, On 17-03-2022) | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം<br>Written By: Vinoth Kumar C (Audit Officer, On 17-03-2022)<br>Last Updated By: Priyesh M.K (Computer Assistant, On 06-05-2022) | 1-9 |
| 22 | വസ്തു നികുതി വൻ കുടിശ്ശിക<br>Written By: Sunilkumar. M (Senior Grade Auditor, On 16-03-2022)<br>Last Updated By: Priyesh M.K (Computer Assistant, On 16-05-2022) | 1-10 |
| 23 | വാടകയിനത്തിൽ വൻകുടിശ്ശിക<br>Written By: Bindu.V.V (Auditor, On 17-03-2022)<br>Last Updated By: Priyesh M.K (Computer Assistant, On 16-05-2022) | 1-11 |
| 24 | തൊഴിൽ നികുതി-അപാകതകൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 17-03-2022)<br>Last Updated By: Priyesh M.K (Computer Assistant, On 16-05-2022) | 1-12 |
| 25 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണത്തിലെ അപാകതകൾ-നിർവ്വഹണം പട്ടികജാതി വികസന ഓഫീസർ<br>Written By: Yadavakumara. C.H (Asst. Audit Officer, On 18-03-2022)<br>Last Updated By: Priyesh M.K (Computer Assistant, On 16-05-2022) | 1-13 |
| 26 | വയോജനങ്ങൾക്ക് കട്ടിൽ- വിതരണത്തിലെ അപാകതകൾ-നിർവ്വഹണം പട്ടികജാതി വികസന ഓഫീസർ<br>Written By: Yadavakumara. C.H (Asst. Audit Officer, On 18-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 19-04-2022) | 1-14 |
| 27 | ടിആർ7എ ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല-നിർവ്വഹണം പട്ടികജാതി വികസന ഓഫീസർ<br>Written By: Yadavakumara. C.H (Asst. Audit Officer, On 18-03-2022)<br>Last Updated By: Yadavakumara. C.H (Asst. Audit Officer, On 18-03-2022) | 1-15 |
| 28 | ബസ് സ്റ്റാന്റ് ഫീ മുഴുവനായും പിരിച്ചെടുത്തിട്ടില്ല<br>Written By: Bindu.V.V (Auditor, On 20-03-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 21-03-2022) | 1-16 |
| 29 | ബസ് സ്റ്റാന്റ് കെട്ടിടത്തിൽ LED TV സ്ഥാപിച്ച് പരസ്യം നൽകൽ - തുക മുഴുവനായും പിരിച്ചെടുത്തിട്ടില്ല<br>Written By: Bindu.V.V (Auditor, On 20-03-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 21-03-2022) | 1-17 |
| 30 | ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം തുടർന്നു<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 17-03-2022)<br>Last Updated By: Kunjhikrishnan. K.C (Senior Grade Auditor, On 17-03-2022) | 1-18 |
| 31 | വിശപ്പ് രഹിത നീലേശ്വരം - പദ്ധതി ചെലവ് അപാകത.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 17-03-2022) | 1-19 |

| | | |
|---|---|---|
| | Last Updated By: Kunjhikrishnan. K.C (Senior Grade Auditor, On 17-03-2022) | |
| 32 | നഗരസഭയുടെ വിവിധ വാഹനങ്ങളുടെ ടയറുകൾ മാറ്റിയത്-അപാകത<br>Written By: Raghunadhan. K (Asst. Audit Officer, On 17-03-2022)<br>Last Updated By: Raghunadhan. K (Asst. Audit Officer, On 17-03-2022) | 1-20 |
| 33 | നഗരസഭയുടെ ടിപ്പർ ലോറിയുടെ റിപ്പയർ -അപാകത<br>Written By: Raghunadhan. K (Asst. Audit Officer, On 17-03-2022)<br>Last Updated By: Raghunadhan. K (Asst. Audit Officer, On 17-03-2022) | 1-21 |
| 34 | നഗരസഭയുടെ വാഹനങ്ങളുടെ ബാറ്ററി മാറ്റിയത്-അപാകത<br>Written By: Raghunadhan. K (Asst. Audit Officer, On 17-03-2022)<br>Last Updated By: Raghunadhan. K (Asst. Audit Officer, On 17-03-2022) | 1-22 |
| 35 | സർവ്വീസ് കണക്ഷൻ ലഭിക്കുന്നതിന് വൈദ്യുതി ബോർഡിൽ തുക ഒടുക്കിയത്<br>Written By: Raghunadhan. K (Asst. Audit Officer, On 17-03-2022)<br>Last Updated By: Raghunadhan. K (Asst. Audit Officer, On 17-03-2022) | 1-23 |
| 36 | നഗരസഭയുടെ വിവിധ സ്ഥലങ്ങളിൽ അപകടാവസ്ഥയിലായ മരങ്ങൾ മുറിച്ച് മാറ്റിയത്-ലേലം ചെയ്തിട്ടില്ല<br>Written By: Raghunadhan. K (Asst. Audit Officer, On 17-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 19-04-2022) | 1-24 |
| 37 | തെരുവ് വിളക്ക് പരിപാലനം വാർഷിക പരിപാലന കോൺട്രാക്ട് പദ്ധതി -അപാകത<br>Written By: Raghunadhan. K (Asst. Audit Officer, On 17-03-2022)<br>Last Updated By: Raghunadhan. K (Asst. Audit Officer, On 17-03-2022) | 1-25 |
| 38 | കോട്ടപ്പുറം CHMKSGVHSS ഗ്രൗണ്ടിലെ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ പദ്ധതി<br>Written By: Raghunadhan. K (Asst. Audit Officer, On 17-03-2022)<br>Last Updated By: Raghunadhan. K (Asst. Audit Officer, On 17-03-2022) | 1-26 |
| 39 | തൈക്കടപ്പുറം പി.എച്ച്.സിക്ക് ആർദ്രം പദ്ധതിയിൽ കെട്ടിടനിർമ്മാണം -നഗരസഭാ വിഹിതം നൽകുന്നത്.<br>Written By: Raghunadhan. K (Asst. Audit Officer, On 17-03-2022)<br>Last Updated By: Raghunadhan. K (Asst. Audit Officer, On 17-03-2022) | 1-27 |
| 40 | അങ്കൺവാടി പോഷകാഹാരം - ഗുണനിലവാരപരിശോധന സംബന്ധിച്ച്<br>Written By: Raghunadhan. K (Asst. Audit Officer, On 17-03-2022)<br>Last Updated By: Raghunadhan. K (Asst. Audit Officer, On 17-03-2022) | 1-28 |
| 41 | നഗരസഭ പെൻഷൻ ഫണ്ട് അവലോകനം<br>Written By: Raghunadhan. K (Asst. Audit Officer, On 17-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 27-04-2022) | 1-29 |
| 42 | പി.എം.എ.വൈ ഭവന പദ്ധതി - അവലോകനം<br>Written By: Raghunadhan. K (Asst. Audit Officer, On 17-03-2022)<br>Last Updated By: Raghunadhan. K (Asst. Audit Officer, On 17-03-2022) | 1-30 |
| 43 | ഒരേ റോഡ് പ്രവൃത്തി മുറിച്ച് മുറിച്ച് വ്യത്യസ്ഥ പ്രൊജക്ടുകളായി നിർവ്വഹണം നടത്തുന്നു.<br>Written By: Vinoth Kumar C (Audit Officer, On 17-03-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 17-03-2022) | 1-31 |
| 44 | ചെമ്മാക്കര കുടിവെള്ള പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുക -പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല-കരാറുടമ്പടി ഒപ്പുവെച്ചിട്ടില്ല-തുക തടസപ്പെടുത്തുന്നു.<br>Written By: Vinoth Kumar C (Audit Officer, On 17-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 30-04-2022) | 1-32 |
| 45 | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ പദ്ധതിക്കായി കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ച തുക -പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല-കരാറുടമ്പടി ഒപ്പുവെച്ചിട്ടില്ല-തുക തടസപ്പെടുത്തുന്നു.<br>Written By: Vinoth Kumar C (Audit Officer, On 17-03-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 17-03-2022) | 1-33 |

| | | |
|---|---|---|
| 46 | ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ ലഭിച്ച തുക നഗരസഭാ ഫണ്ടിലേക്ക് അടക്കുന്നില്ല.<br>Written By: Vinoth Kumar C (Audit Officer, On 17-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 30-04-2022) | 1-34 |
| 47 | പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിനു ചുമത്തിയ പിഴ - തുക പിൻവലിച്ച് നഗരസഭയുടെ തനത് ഫണ്ടിൽ നിക്ഷേപിച്ചു.<br>Written By: Vinoth Kumar C (Audit Officer, On 17-03-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 17-03-2022) | 1-35 |
| 48 | ലൈസൻസ് പൊതു അപാകതകൾ<br>Written By: Bindu.V.V (Auditor, On 20-03-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 21-03-2022) | 1-36 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sunilkumar. M (Senior Grade Auditor, On 15-03-2022)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 15-03-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 16-03-2022)<br>Last Updated By: Kunjhikrishnan. K.C (Senior Grade Auditor, On 16-03-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 16-03-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 16-03-2022) | 4-3 |
| 4 | മൊബലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 16-03-2022)<br>Last Updated By: Kunjhikrishnan. K.C (Senior Grade Auditor, On 16-03-2022) | 4-4 |
| 5 | വായ്പ /വായ്പാ തിരിച്ചടവ്<br>Written By: Vinoth Kumar C (Audit Officer, On 10-03-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 10-03-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Vinoth Kumar C (Audit Officer, On 10-03-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 10-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 16-03-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 16-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 15-03-2022)<br>Last Updated By: Kunjhikrishnan. K.C (Senior Grade Auditor, On 15-03-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 15-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 30-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 16-03-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 18-03-2022) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 16-03-2022)<br>Last Updated By: Kunjhikrishnan. K.C (Senior Grade Auditor, On 16-03-2022) | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 4 | റസീറ്റ് & പെമെന്റ് സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | നം. 01തിയതി :28.03.2020 | നം. 01തിയതി :17.02.2021 |
| മുന്നിരിപ്പ് | 39586416 | 55399560 |
| വരവ് | 485117800 | 433924528 |
| ആകെ | 524704216 | 489324088 |
| ചെലവ് | 504380000 | 450524084 |
| നീക്കിയിരിപ്പ് | 20324216 | 38800004 |

## 1-2 വാർഷിക ധനകാര്യ പത്രിക പരിശോധന – നിരീക്ഷണങ്ങൾ

നീലേശ്വരം നഗരസഭയുടെ 2020-21 വർഷത്തെ ധനകാര്യ പത്രികയുടെ വിശദമായ പരിശോധനയും സർട്ടിഫിക്കേഷനും ഓഡിറ്റ് വേളയിൽ നടത്തി. ധനകാര്യ പത്രികയുടെ വെരിഫിക്കേഷനുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല.

2019-20 വർഷത്തെ വാർഷിക കണക്കിൻമേലുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല. പരിഹരിച്ചവയുടെ വിശദ വിവരം അക്കൗണ്ട്സിനോട് കൂടെ കുറിപ്പു ഫയലാക്കി ഉള്ളടക്കം ചെയ്തിട്ടില്ല.

### 1-2-2 Earmarked Fund രേഖപ്പെടുത്തിയതിലെ അപാകത

ബാലൻഷീറ്റിൽ ഷെഡ്യൂൾ B-2ൽ ബാധ്യത ഇനത്തിൽ(Earmarked Funds) ഉൾപ്പെടുത്തിയ 7,08,866/-രൂപയുടെയും, 20,46,316/-രൂപയുടെയും കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ദുരിതാശ്വാസ നിധിയിനത്തിൽ 15,360 രൂപ ബാങ്ക് (Nileshwar Co-op Urban Bank) ബാലൻസുണ്ട്. എന്നാൽ ഈ തുക ബാലൻഷീറ്റിൽ B-2 ൽ (Earmarked Fund) ഉൾപ്പടുത്തിയിട്ടില്ല.

### 1-2-3 സ്ഥിര നിക്ഷേപം-വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയ വിവരങ്ങളിലെ അപാകത.

31.3.2021 ലെ ബാലൻസ് ഷീറ്റിലെ ഹെഡ് -420500100- Investments, Equity Share എന്ന കണക്കിൽ 50,00,000/- രൂപ, ഹെഡ് -420300100- Investments, Debentures & Bonds എന്ന കണക്കിൽ 25,000/-രൂപയുടെയും ആസ്തിയുണ്ട്. എന്നാൽ ഈ ഷെയറുകൾ, Investment Register എന്നിവ ഭൗതികപരിശോധനക്ക് ഹാജരാക്കിയിട്ടില്ല. 2015-16 സാമ്പത്തിക വർഷം മുതൽ 50,25,000/-രൂപ മൂല്യമുണ്ടായിരുന്ന ഷെയർ 4 വർഷത്തിന് ശേഷവും അതേ മൂല്യത്തിൽത്തന്നെ നിൽക്കുന്നതായി 31.03.2021-ലെ ബാലൻസ് ഷീറ്റിൽ കാണുന്നു. 2015-2016 വർഷത്തിൽ എടുത്ത ഷെയറിന്റെ ആസ്തിമൂല്യം 2020-21 വർഷം വരെയും പുതുക്കിയതായി വാർഷിക കണക്കുകളിൽ കാണുന്നില്ല. ഇക്വിറ്റി ഷെയറിന്റെ ആസ്തിമൂല്യം ഓരോ സാമ്പത്തിക വർഷത്തേതും കമ്പനിയിൽ നിന്നും സ്റ്റേറ്റ്മെന്റ്/പത്രിക (Share Value Statement) ലഭ്യമാക്കി കൃത്യമായി അക്കൗണ്ട് ചെയ്യാതിരുന്നതിനാൽ ധനകാര്യ പത്രികയിൽ നിലവിലെ

ആസ്തിമൂല്യം പ്രതിഫലിക്കുന്നില്ല.

1-2-4 KURDFC-ലോൺ വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

KURDFC-ലോൺ വിവരങ്ങൾ വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ലോൺ എടുത്തതിന്റെ വിവരങ്ങൾ ലോൺ രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | 2020-21-ൽ ലഭിച്ച ലോൺ തുക | ആകെ | 2020-21-ൽ തിരിച്ചടച്ച ലോൺ തുക | വർഷാവസാനംതിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (മുതൽ) |
|---|---|---|---|---|
| 6,34,66,667 | 1,50,00,000 | 7,84,66,667 | 61,20,001 | 7,23,46,666 |

1-2-5 മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്- സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക വരുമാനക്കണക്കിൽ ചേർത്തിട്ടില്ല.

മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് രണ്ടാം ഗഡു അലോട്ട്മെന്റിൽ നിന്ന് (ജി.ഒ.(ആർടി) നം. 4444/2020/ഫിൻ, തിയതി 03.08.2020) ₹1,37,900/- രൂപ വോട്ടിംഗ് മെഷീന്റെ ചെലവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക 160100402 Maintenenace Fund Non Road എന്ന വരുമാനക്കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ ജി.ഒ. പ്രൊജക്ട് തയ്യാറാക്കി പ്രസ്തുത ചെലവ് സുലേഖയിൽ ക്രമീകരിച്ചിട്ടില്ല.

1-2-6 ബാധ്യതാ ഫണ്ടുകളുടെ അക്കൗണ്ടിംഗിലെ അപാകതകൾ.

(A). വിവിധ കേന്ദ്രാവിഷ്കൃത, സംസ്ഥാനാവിഷ്കൃത പദ്ധതികൾക്ക് ലഭിച്ച ഫണ്ടുകൾ ബാലൻസ് ഷീറ്റ് B-4ഷെഡ്യൂളിൽ 320100100, 320300100, 320802000, 320809900 എന്നീ ഹെഡുകളിലാണ് കണക്കിലെടുത്തിരിക്കുന്നത്. NULM, PMAY, IDSMT,ICDS Central Share സ്വച്ച് ഭാരത് പദ്ധതി തുടങ്ങിയ പദ്ധതികൾക്ക് പ്രത്യേകം ബാങ്ക് അക്കൗണ്ടുകൾ ഉണ്ടെങ്കിലും, സാംഖ്യയിൽ പ്രത്യേകം അക്കൗണ്ട് ഹെഡ് ഇല്ലാത്തത് ഈ പദ്ധതികളുടെ വരവ് ചെലവുകൾ നിരീക്ഷിക്കുന്നതിന് തടസ്സമാകുന്നു. കൂടാതെ ഫണ്ട് വിനിയോഗം രേഖപ്പെടുത്തുന്നതിന് Appropriation Control Register (ACR) പരിപാലിക്കുന്നില്ല.ആയത് കൃത്യതയോടെ തയ്യാറാക്കി മറുപടിയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

(B). 2020-21 ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ലഭിച്ചിട്ടുള്ള ഗ്രാന്റുകൾ ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്. ഈ തുകകൾ സമയബന്ധിതമായി ചെലവഴിക്കാത്തത് വീഴ്ചയാണ്. കൂടാതെ ചില ഫണ്ടുകൾ പ്രത്യേക ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുകയും അതിന്റെ ബാലൻസ് ഷീറ്റിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട് എന്നാൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ലഭിച്ച ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പുള്ള തുക ബി-4-ൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു,

| ബാങ്കിന്റെ പേര് & Code | 31.3.2019-ലെ നീക്കിയിരിപ്പ് തുക |
|---|---|
| ICICI Swachabharath Mission- 450620200 | 39,16,384 |
| Kerala Gramin Bank (AUEGS)- 450620100 | 4,81,774 |
| South Indian BANK (PMAY) Savings- 450610400 | 70,25,061 |
| Nileshwar Co-op Bank- MNOLHS- 450430400 | 1,858 |

| | |
|---|---|
| EMS Nileshwar Co-op Bank- 450430200 | 1,20,375 |
| SBT SGRY- 450430100 | 12,784 |
| South Indian Bank Ltd (NULM)- 450220100 | 2,17,604 |

മേൽ അക്കൗണ്ടിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ അതത് ഫണ്ടുകളുടെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

1-2-7 റീക്കൺസിലിയേഷൻ പത്രികയിൽ ആറ് മാസത്തിലധികം പഴക്കമുള്ള ചെക്കുകളും ചേർത്തു കാണുന്നു.

താഴെ കൊടുത്തിട്ടുള്ള ബാങ്ക് അക്കൗണ്ട് റീ-കൺസിലിയേഷൻ ചെയ്തിരിക്കുന്നത് ആറ് മാസത്തിലധികം പഴക്കമുള്ള ചെക്കുകൾ ഉപയോഗിച്ചാണ്.

| കോഡ് | ബാങ്ക് | AFS പ്രകാരം തുക | 31.03.2021-ലെCB പാസ്ബുക്ക് പ്രകാരം |
|---|---|---|---|
| 450210100 | SBI.O/F-1 | 2,16,08,028 | 2,16,90,573 |

1-2-8 കൃത്യമായ വിവരങ്ങൾ ചേർക്കാതെ തുക വരവിലെടുക്കുന്നു.

2020-21 വർഷം, 180809900–Miscellaneous Receipts-എന്ന ഹെഡിൽ 7,17,510 രൂപ വരവ് വന്നിട്ടുണ്ട്. ഈ തുക ആരിൽ നിന്ന് ?, എന്ത് ആവശ്യത്തിന് ലഭിച്ചു ? എന്ന വിവരം ലഭിച്ചിട്ടില്ല. "Miscellaneous Receipts"എന്ന് ചേർത്ത് തുകകൾ വരവിലെടുക്കുകയാണ് ചെയ്തിട്ടുള്ളത്.കൃത്യമായ ഹെഡിൽ ഉൾപ്പെടുത്താൻ കഴിയാത്തതിന്റെ കാരണം സഹിതം,തുക ഉൾപ്പടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-2-9 ഡെപ്പോസിറ്റ്- അഡ്വാൻസ് വിവരങ്ങളിലെ അപാകത

അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. കൂടാതെ വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, പി.ഡബ്ല്യ.ഡി തുടങ്ങിയ സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകിയിട്ടുണ്ടെങ്കിലും വാർഷിക കണക്കുകളിൽ ഇവ മുൻകൂർ ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല. 2020-21 വർഷം സെക്രട്ടറി, അസി.എൻജിനീയർ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി വിവിധ പ്രൊജക്ടുകൾ പ്രകാരം 48,30,111 രൂപ നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി, കേരള PWD എന്നീ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. 2019-20 വർഷം ഡെപ്പോസിറ്റ് പ്രവത്തികൾക്കായി KSEB, GWD എന്നീ സ്ഥാപനങ്ങൾക്ക് നൽകിയ 11,79,931 രൂപയുടെയും, 2018-19 വർഷം ഡെപ്പോസിറ്റ് പ്രവത്തികൾക്കായി KSEB, KWA, GWD എന്നീ സ്ഥാപനങ്ങൾക്ക് നൽകിയ 11,96,302 രൂപയുടെയും വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിലെ B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരുന്നില്ല. നിക്ഷേപ പ്രവൃത്തികൾക്ക് തൻവർഷം നൽകിയ തുക RP-41 ഷെഡ്യൂളിലും പ്രവൃത്തികൾ പൂർത്തീകരിച്ച് ധന വിനിയോഗ സാക്ഷ്യപത്രം സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടില്ലെങ്കിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B 18 -Loans, Advances And Deposits-ലും ആണ് ഈ ഇനത്തിലുള്ള തുക അക്കൗണ്ട് ചെയ്യേണ്ടത്. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് തുക അഡ്വാൻസ് ഹെഡിൽ നിന്ന് ആസ്തി ഹെഡിലേക്ക് മാറ്റുകയും ചെയ്യും. 2020-21 AFS ൽ RP-41 ഷെഡ്യൂളിലും B-18-ലും മേൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. വർഷങ്ങളായി ഈ രീതി തന്നെ പിൻതുടർന്ന് വരുന്നതിനാൽ നഗരസഭ നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ ഭീമമായ തുകകൾ ഉപയുക്തമാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ പറ്റാത്ത സാഹചര്യമാണുള്ളത്.2018-19 മുതൽ 2020-21 വരെ ക്രമപ്രകാരം അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സമർപ്പിക്കേണ്ടതും,വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയത്/ലഭ്യമാക്കാത്തത് എന്നീ വിവരങ്ങളും കൂടി ഉൾപ്പെടുത്തേണ്ടതുമാണ്.ടി സാമ്പത്തിക വർഷം AFSൽ ഡെപ്പോസിറ്റ് തുകകൾ

ചേർക്കാത്തതിനെ സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതും,മേൽ വിവരങ്ങൾക്കൊപ്പം മറുപടി സമർപ്പിക്കേണ്ടതുമാണ്.

1-2-10 ബാലൻസ് ഷീറ്റിലെ മറ്റ് പ്രധാന അപാകതകൾ

A).Capital Work In Progress എന്ന ഇനം രണ്ട് അക്കൗണ്ട് ഹെഡുകളിലായി ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ ഫിക്സ്ഡ് അസറ്റ്സിന്റെ കൂടെ ചേർത്തിട്ടുണ്ട്. ആസ്തി പൂർണ്ണമായി സൃഷ്ടിക്കാതെ ഈ ഇനം B-11 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയതിന്റെ കാരണം വിശദീകരിച്ചിട്ടില്ല. സ.ഉ.(എം.എസ്.)152/2011/തസ്വഭവ /26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല.

B).ബാലൻഷീറ്റിൽ ഷെഡ്യൂൾ B-7ൽ ബാധ്യത ഇനത്തിൽ(Deposits Received) ഉൾപ്പെടുത്തിയ 33,48,929.50/-രൂപയുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ (ഡെപ്പോസിറ്റ് രജിസ്റ്ററടക്കം) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 282 ലാപ്സ് ഓഫ് ഡെപ്പോസിറ്റ് ടു ഗവൺമെന്റ് പ്രകാരം 3 വർഷം കഴിഞ്ഞിട്ടും ക്ലെയിം ചെയ്തിട്ടില്ലാത്ത എല്ലാ ഡെപ്പോസിറ്റുകളും വർഷാവസാനം മാർച്ച് മാസത്തിൽ നഗരസഭാ ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. ഇപ്രകാരം നഗരസഭാ ഫണ്ടിലേക്ക് മാറ്റാതെ വർഷങ്ങളായി നഗരസഭയ്ക്ക് ലഭിച്ച ഡെപ്പോസിറ്റുകൾ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി-7 ഡെപ്പോസിറ്റ് റിസീവ്ഡിൽ തന്നെയാണ് നിലനിർത്തിയിരിക്കുന്നത്.

C).തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26.05.2011ലെ സർക്കുലർ നമ്പർ 58725/എഫ്.എം3/2008 /ത.സ്വ.ഭ.വ പ്രകാരം തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല. തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാത്കൃത ബാങ്ക് അല്ലായെങ്കിൽ സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണ്എന്ന് നിഷ്ക്കർഷിക്കുന്നു. പഞ്ചായത്തിലെ തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാത്കൃത ബാങ്കായ എസ് ബി ഐ ബാങ്കിലും, നീലേശ്വരം കോർപ്പറേറ്റീവ് ബാങ്കിലും ആണ് നിക്ഷേപിക്കുന്നത്. കൂടാതെ ഓൺലൈൻ ട്രാൻസാക്ഷനായി എസ് ബി ഐ ബാങ്കിലും അക്കൗണ്ട് സൂക്ഷിക്കുന്നു.

D).ജേർണൽ ബുക്കിന്റെ പരിശോധനയിൽ ധാരാളം കറക്ഷൻ എൻട്രികൾ വരുത്തിയിട്ടുള്ളതായി കാണുന്നു. ജേണൽ വൗച്ചറുകൾ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി വയ്ക്കുന്ന പതിവ് നഗരസഭയിൽ ഇല്ല. ജേണൽ വൗച്ചറുകൾക്ക് ആധാരമായ രേഖകൾ, തെളിവുകൾ, ക്ഷമതയുള്ള ഉദ്യോഗസ്ഥരുടെ അധികാരപ്പെടുത്തലുകൾ, ജേണലുകൾക്ക് ആധാരമായ കൗൺസിലിന്റെ തീരുമാനങ്ങൾ എന്നിവ സൂക്ഷിക്കുന്ന പതിവും നഗരസഭയിൽ ഇല്ല. സാംഖ്യാ സോഫ്റ്റ് വെയറിൽ വരവുചെലവുകൾ രേഖപ്പെടുത്തുമ്പോഴും ജേർണൽ എൻട്രികൾ വരുത്തുമ്പോഴും കൃത്യമായ ഹെഡുകൾ തിരഞ്ഞെടുക്കാത്തതുകൊണ്ടും സമയബന്ധിതമായി അക്കൗണ്ടിങ്ങ് എൻട്രികൾ വരുത്താതുകൊണ്ടാണ് ഇത്തരത്തിൽ വളരെ കൂടുതലായി കറക്ഷൻ ജേർണൽ എൻട്രികൾ ആവശ്യമായിവരുന്നത്.കറക്ഷൻ ജേർണൽ എൻട്രികൾക്ക് കൃത്യമായ വിശദീകരണം കൂടി ചേർത്ത് തയ്യാറാക്കിയും,ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയും സമർപ്പിക്കേണ്ടതാണ്. അക്കൗണ്ടിങ്ങ് എൻട്രികൾ കൃത്യതയോടെ ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-2-11 നഗരസഭാ റഗുലർ ജീവനക്കാരുടെ പെൻഷൻഫണ്ട്.

1996 ലെ കേരളാ മുനിസിപ്പൽ (ജീവനക്കാരുടെ ഡെത്ത് -കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി സെക്രട്ടറി സർക്കാർ ട്രഷറിയിലോ ദേശസാൽകൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു സേവിംഗ് ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും, പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് നഗരകാര്യ ഡയറക്ടർ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നൽകുന്ന തുക ഈ അക്കൗണ്ടിൽ

നിക്ഷേപിക്കേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ റഗുലർ ജീവനക്കരുടെ പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി ഇത്തരത്തിലുള്ള മുനിസിപ്പൽ പെൻഷൻ ഫണ്ട് ഇല്ല. നിലവിൽ നഗരസഭയുടെ തനത് ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നീലേശ്വരം ശാഖയിലുള്ള അക്കൗണ്ടിൽ (നം.67182813170) നിന്നാണ് പെൻഷൻ സംബന്ധിച്ച ഇടപാടുകൾ നടത്തുന്നത്.

### 1-2-12 നഗരസഭാ കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷൻഫണ്ട്.

1996 ലെ കേരളാ മുനിസിപ്പൽ (കണ്ടിൻജന്റ് ജീവനക്കാരുടെ ഡെത്ത് -കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(1) പ്രകാരം നഗരസഭയിലെ കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷൻ വിതരണത്തിന് നീലേശ്വരം നഗരസഭയിൽ പ്രത്യേക അക്കൗണ്ട് തുടങ്ങിയിട്ടില്ല. ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരുടെയും അതാത് മാസത്തെ മൊത്തവേതനത്തിന്റെ 15% തുക പെൻഷൻ വിഹിതമായി പിരിച്ച് ഈ ഫണ്ടിൽ ഒടുക്കേണ്ടതാണ്. നിലവിൽ നഗരസഭയിൽ ഈ വിഹിതം പിരിക്കുന്നില്ല. പെൻഷൻ ഫണ്ട് അക്കൗണ്ട് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2020-21 |
|---|---|
| മുന്നിരിപ്പ് | 55626340.49 |
| വരവ് | 231176565 |
| ആകെ | 286802905.49 |
| ചെലവ് | 236242626 |
| നീക്കിയിരിപ്പ് | 50560279.49 |

### 1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2020-21)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 5,7346,931 | 5,7346,931 | 4,53,16,724 | 1,20,30,207 | 79% |
| വികസനഫണ്ട് എസ്.സി.പി. | 0 | 60,14,000 | 60,14,000 | 45,29,656 | 14,84,344 | 75.3% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2,90,000 | 2,90,000 | 1,00,000 | 1,90,000 | 34.5% |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,45,95,900 | 1,45,95,900 | 1,28,06,763 | 17,89,137 | 87.7% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 1,36,34,000 | 1,36,34,000 | 1,28,49,722 | 7,84,278 | 94% |
| CFC Un-tied | 0 | 6,53,55,858 | 6,53,55,858 | 3,85,07,286 | 2,68,48,572 | 58.9% |

| | | | | | | |
|---|---|---|---|---|---|---|
| CFC Tied | 0 | 2,62,60,00 | 2,62,60,00 | 56,75,799 | 2,05,84,201 | 21.6% |

(*വികസനഫണ്ട് പൊതു വിഭാഗത്തിൽ നിന്നും 77,04,134/- രൂപയും, എസ്.സി.പി യിൽ നിന്നും 1,06,667/- രൂപയും സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയിട്ടുണ്ട്. പ്രസ്തുത തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്. )

ബി)ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്പൊതുവിഭാഗം | 0 | 37612590 | 37612590 | 37612590 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4422989 | 4422989 | 4422989 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 100000 | 100000 | 100000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 12806763 | 12806763 | 12806763 | 0 |
| സംരക്ഷണഗ്രാന്റ്നോൺറോഡ് | 0 | 12711822 | 12711822 | 12711822 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് -Un-tied | 0 | 38507286 | 38507286 | 38507286 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -Tied | 0 | 5675799 | 5675799 | 5675799 | 0 |
| ബി ഫണ്ട് | | | | | |
| വിവാഹധനസഹായം | 0 | 10,20,000 | 10,20,000 | 10,20,000 | 0 |
| ട്രഷറി അക്കൗണ്ട് | | | | | |
| ട്രഷറിTSBജനറൽപർപ്പസ് | 15582898 | 0 | 15582898 | 15582898 | 0 |
| Provident Fund | 2194443 | 0 | 2194443 | 1194443 | 1000000 |
| LGTSB | 0 | 36981793 | 36981793 | 35981793 | 1000000 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| NULM | 274430 | 399598 | 674028 | 456424 | 217604 |
| PMAY | 35228 | 91719178 | 91754406 | 84729345 | 7025061 |
| SBM | 4088688 | 128901 | 4217589 | 301205 | 3916384 |
| സംസ്ഥാനാവിഷ്കൃതപദ്ധതി | | | | | |
| SUCHITWAMISSION | 9942985 | 649327 | 10592312 | 158294 | 10434018 |
| MNOLHS | 1786 | 72 | 1858 | 0 | 1858 |
| SGRY | 12784 | 0 | 12784 | 0 | 12784 |
| EMS 404012 | 115701 | 4674 | 120375 | 0 | 120375 |
| AUEGS | 9598 | 10540933 | 10550531 | 10068757 | 481774 |
| തനത്ഫണ്ട് | | | | | |
| SBI OWN FUND | 20957857 | 274772077 | 295729934 | 274121906 | 21608028 |

| | | | | | |
|---|---|---|---|---|---|
| SBI E- MANAL | 1729015 | 5769863 | 7498878 | 4964510 | 2534368 |
| NSC BANK 978 | 664092.49 | 26829 | 690921.49 | 0 | 690921.49 |
| SBI.CARDPAYMENT | 0 | 50560 | 50560 | 12504 | 38156 |
| SBI- E-PAYMENT | 0 | 1094750 | 1094750 | 2270 | 1092480 |
| മറ്റുള്ളവ | | | | | |
| KDC BANK | 1998 | 79 | 2077 | 80 | 1997 |
| SBI-Serviece Tax | 0 | 102830 | 102830 | 102830 | 0 |
| SBI EPF | 0 | 182400 | 182400 | 182400 | 0 |
| URBAN BANK | 14837 | 523 | 15360 | 0 | 15360 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 322 | 222 | - | 100 | 68.94% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം2020-21വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2020-21വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 24 | 17966725 | 19 | 15161512 | 84.38% |
| 2 | ഹെൽത്ത് ഓഫീസർ | 18 | 10281624 | 9 | 2782413 | 27.06.% |
| 3 | മുനിസിപ്പൽ എഞ്ചിനിയർ | 202 | 149985978 | 128 | 73317684 | 48.88% |
| 4 | കൃഷി ഓഫീസർ | 7 | 3674898 | 7 | 3402909 | 92.59% |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13 | 9857920 | 11 | 8788944 | 89.15% |
| 6 | പ്രോജക്ട് ഓഫീസർ-നഗര ദാരിദ്ര്യനിർമാർജന സെൽ | 9 | 18637833 | 6 | 3618716 | 19.41% |
| 7 | പ്രിൻസിപ്പാൾഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ | 14 | 4239200 | 11 | 3384893 | 79.84% |

| | | | | | | |
|---|---|---|---|---|---|---|
| 8 | വെറ്ററിനറി സർജ്ജൻ | 7 | 5643240 | 7 | 5486509 | 97.22% |
| 9 | മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ) | 7 | 4231200 | 6 | 3796131 | 89.71% |
| 10 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 2 | 1050000 | 2 | 1050000 | 100% |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 4 | 1928545 | 4 | 1828119 | 94.79% |
| 12 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 1329003 | 2 | 900000 | 67.71% |
| 13 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 783000 | 0 | 0 | 0% |
| 14 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 105000 | 1 | 100000 | 95.23% |
| 15 | പട്ടിക ജാതി വികസന ഓഫീസർ | 10 | 5413020 | 9 | 3150951 | 58.21% |
| | ആകെ | 322 | 235127186 | 222 | 126768781 | 53.91% |

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 9598 | 10040933 | 10050531 | 9568757 | 481774 |
| ഗുണഭോക്താക്കൾക്കുള്ള വേതനം | 0 | 0 | 0 | 0 | 0 |
| ആകെ | 9598 | 10040933 | 10050531 | 9568757 | 481774 |

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2020-21 വർഷം 712 പദ്ധതികളുൾപ്പെടുന്ന 5,50,00,000 രൂപ (5 Crore 50 Lakhs) അടങ്കലുള്ള ആക്ഷൻ പ്ലാൻ നഗരസഭ തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 112 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 31097 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം നഗരസഭ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 12796400 | 4065 |

| | | |
|---|---|---|
| വിധവാപെൻഷൻ | 36814900 | 11116 |
| വാർദ്ധക്യകാലപെൻഷൻ | 40794500 | 16412 |
| വികലാംഗപെൻഷൻ | 10257700 | 3131 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 2801200 | 847 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1020000 | 34 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.03.2022 ന് 3.10 PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 63,494/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

### പൊതു നിയന്ത്രണം

നീലേശ്വരം നഗരസഭാ കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | സൂപ്രണ്ട് | 1 |
| 3 | റവന്യൂ ഇൻസ്പെക്ടർ | 1 |
| 4 | എച്ച്സി/ആർ.ഐ | 1 |
| 5 | സീനിയർ ക്ലർക്ക് | 7 |
| 6 | ക്ലർക്ക്/ബിൽകലക്ടർ | 7 |
| 7 | ഓഫീസ് അറ്റൻഡന്റ് | 2 |
| 8 | എച്ച്.ഐ ഗ്രേഡ്-1 | 1 |
| 9 | ജെ.എച്ച്.ഐ ഗ്രേഡ്-1 | 1 |
| 10 | ജെ.എച്ച്.ഐ ഗ്രേഡ്-11 | 3 |
| 11 | കണ്ടിജന്റ് ജീവനക്കാർ | 7 |

02.07.2018 ലെ ഉത്തരവ് നം G1-14562/10 പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. നഗരസഭയുടെ ദൈനംദിനപ്രവർത്തനത്തിൽ നിരവധി സോഫ്റ്റ്വെയറുകൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ പുതിയ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ച് നൽകുമ്പോൾ സോഫ്റ്റ് വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവ സമ്പന്ധിച്ച് പരാമർങ്ങളൊന്നും ഇല്ല. ഈ അപാകതൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം ഭരണസമിതി 24 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 24 പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 19 പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 17 പ്രാവശ്യവും ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 25 പ്രാവശ്യവും മരാമത്ത് സ്റ്റാന്റിങ്ങ് 17 പ്രാവശ്യവും വിദ്യാഭ്യാസം-കല-കായികം സ്റ്റാന്റിങ്ങ് 16 പ്രാവശ്യവും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. നഗരസഭയുടെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10-ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിക്കുന്നില്ല. 2020 ഏപ്രിൽ മാസത്തെ വരവ് ചെലവ് കണക്ക് 15.06.2020-നാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകച്ചത്, 2020 ജൂൺ മാസത്തെ വരവ് ചെലവ് കണക്ക് 05.08.2020-നാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകച്ചത്, 2020 ആഗസ്റ്റ് മാസത്തെ വരവ് ചെലവ് കണക്ക്

24.09.2020-നാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകച്ചത്, 2020 നവംമ്പർ, ഡിസംബർ എന്നീ മാസങ്ങളിലെ വരവ് ചെലവ് കണക്കുകൾ 05.01.20201-നാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകച്ചത്, 2021 ഫെബ്രുവരി മാസത്തെ വരവ് ചെലവ് കണക്ക് 25.03.2021-നാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകച്ചത്, 2020 സെപ്റ്റംമ്പർ, ഒക്ടോബർ എന്നീ മാസങ്ങളിലെ വരവ് ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകച്ചത് സംബന്ധിച്ച തീരുമാനങ്ങളൊന്നും മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

നഗരസഭാ കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2020-2021 സാമ്പത്തിക വർഷം 2 തവണ (09.11.2020, 05.03.2021) ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനുട്സ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ് കൂടാതെ യോഗതീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്.

കൺട്രോൾ ഓവർ അക്കൗണ്ട്

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൗണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡിയറി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്റ്ററമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. നഗരസഭകളിൽ അക്കൗണ്ട്സ്റ്റ് തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടില്ല. നിലവിൽ ഒരു സീനിയർ ക്ലാർക്കിനാണ് അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നതിനുള്ള ചുമതല. അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നതു സംബന്ധിച്ച് മതിയായ പരിശീലനം ഈ ജീവനക്കാർക്ക് ലഭിക്കാത്തത് പല പോരായ്മകൾക്കും കാരണമാകുന്നുണ്ട്. ബാലൻഷീറ്റിൽ ഷെഡ്യൂൾ B-2ൽ ബാധ്യത ഇനത്തിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. KURDFC-ലോൺ വിവരങ്ങൾ വാർഷികധനകാര്യപത്രിയിലും ലോൺ ലോൺ രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല. മെയിന്റനൻസ് ഗ്രാന്റ് നോൺ അലോട്ട്മെന്റിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക വരുമാനക്കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. കൂടാതെ വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, പി.ഡബ്ല്യ.ഡി തുടങ്ങിയ സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകിയിട്ടുണ്ടെങ്കിലും വാർഷിക കണക്കുകളിൽ ഇവ മുൻകൂർ ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.
അംഗീകരിക്കപ്പെടേണ്ട ജേർണൽ എൻട്രീകൾ അതാതു സമയത്തെ മേലുദ്യോഗസ്ഥൻമാർ അംഗീകരിക്കുന്നില്ല. റസീറ്റ് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അഗ്നിബാധ, മോഷണം, പ്രകൃതി ദുരന്തം, രേഖകളിൽ കൃത്രിമം വരുത്തൽ എന്നിവയിൽ നിന്നും സംരക്ഷിക്കപ്പെടുന്ന തരത്തിലാണ് അക്കൗണ്ടിങ്ങ് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചുള്ളത്. ഓരോ അക്കൗണ്ടിങ്ങ് രേഖളിലേക്കുമുള്ള പ്രവേശനവും (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചെലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട് റൂളുകളും അക്കൗണ്ടിംഗ് പോളിസികളും പാലിക്കുന്നുണ്ട്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. അക്കൗണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ്

ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

പണത്തിനും ബാങ്കിനും മുകളിലുള്ള നിയന്ത്രണം

നിലനിർത്തിപോരുന്ന എല്ലാ ബാങ്ക് അക്കൗണ്ടുകളുടേയും മുഴുവൻ ലിസ്റ്റ് നിലവിലുണ്ട്. വിവിധ വരവുകൾ യഥായമയം തന്നെ ബാങ്ക് അക്കൗണ്ടുകളിൽ വരവു വെക്കുന്നുണ്ട്. നഗരസഭയിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് നഗരസഭയിൽ പണം സ്വീകരിച്ചു വരുന്നത്.

ഡി.സി.ബി വരവുകളിൻ മേലുള്ള നിയന്ത്രണം

ഓരോ വരവിനത്തിലുമുള്ള ഡിമാൻറുകൾ കൃത്യമായി രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം

വരവിനങ്ങളെല്ലാം കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് വസ്തു നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റവെയർ മുഖേനയാണ്. വസ്തു നികുതി ഇനത്തിൽ വൻതുക പിരിഞ്ഞുകിട്ടാനുണ്ട്. തൻവർഷം 62.02 % നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്.

കൺട്രോൾ ഓവർ പ്രൊക്യുർമെന്റ് .

നഗരസഭയിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. നഗരസഭയിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി 2020-2021 വർഷത്തിൽ ആകെ 3 തവണ യോഗം ചേർന്നിട്ടുണ്ട്.

സാധന സാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം അനുസരിക്കുന്നുണ്ട്. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

കൺട്രോൾ ഓവർ പേറോൾ

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നില്ല. ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങുന്നില്ല.

ജീവനക്കാരുടെ ശമ്പളം നിലവിൽ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകുന്നത്. റഗുലർ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്. NPS പെൻഷൻ പദ്ധതിയിലുൾപ്പടുന്ന ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും കൃത്യമായി ഈടാക്കുന്നുണ്ട്. നഗരസഭായിലെ റഗുലർ ജീവനക്കരുടെ പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി മുനിസിപ്പൽ പെൻഷൻ ഫണ്ട് ഇല്ല. നഗരസഭയിലെ കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷൻ വിതരണത്തിനായി പ്രത്യേക അക്കൗണ്ട് (പെൻഷൻ ഫണ്ട് അക്കൗണ്ട്) തുടങ്ങിയിട്ടില്ല. ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരുടെയും അതാത് മാസത്തെ മൊത്തവേതനത്തിന്റെ 15% തുക പെൻഷൻ വിഹിതമായി പിരിച്ച് ഈ ഫണ്ടിൽ ഒടുക്കേണ്ടതാണ്. എന്നാൽ നഗരസഭയിലെ കണ്ടിൻജന്റ് ജീവനക്കാരിൽ നിന്നും പെൻഷൻ വിഹിതം പിരിക്കുന്നില്ല.

രജിസ്റ്ററുകളുടെ സൂക്ഷിപ്പിൻമേലുള്ള നിയന്ത്രണം

നഗരസഭയിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഇൻകുബൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയത് അടിയന്തിരമായും എഴുതി സൂക്ഷിക്കേണ്ടതാണ്.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതി സുക്ഷിക്കുന്നില്ല. ജീവനക്കാരുടെ ജോലി വിഭജനത്തിൽ ഓരോ സെക്ഷനും പേഴ്സണൽ രജിസ്റ്റർ എഴുതി സുക്ഷിക്കേണ്ടതും

ആയത് എല്ലാ മാസവും സെക്ഷൻ മേധാവികൾക്ക് പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതുമാണ് എന്ന് നിർദ്ദേശിക്കുന്നുണ്ട്. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.

ആസ്തികളിൻമേലുള്ള നിയന്ത്രണം

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിൽ അസറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും അതിന്റെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

1-10 വസ്തു നികുതി വൻ കുടിശ്ശിക

31.03.2021 ലെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതി തൻ വർഷ പിരിവിൽ 47,44,629/- രൂപ പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. കൂടാതെ കുടിശ്ശികയിൽ 54,78,411.79/-രൂപയും പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. വസ്തു നികുതി പരിഷ്കരണം നഗരസഭയിൽ പൂർത്തിയായിട്ടുണ്ട്. സഹായക സോഫ്റ്റ് വെയറുകളായ സാംഖ്യ, സഞ്ചയ എന്നിവ ഇന്റഗ്രേറ്റ് ചെയ്ത് സുസജ്ജമായി പ്രവർത്തിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ വസ്തു നികുതിയിനത്തിലെ കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കാനുള്ള ഊർജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്. 5,000/- രൂപയിലധികം വസ്തുനികുതി കുടിശ്ശിക വരുത്തിയ കെട്ടിട ഉടമകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ്നം | കെട്ടിട നം | | ഉടമസ്ഥന്റെ പേര് | 31.3.2021 വരെ കുടിശ്ശിക |
|---|---|---|---|---|
| 2 | 615 | A | ടി വി പത്മാവതി | 15538 |
| 2 | 1 | UAC | എ കൃഷ്ണൻ നായർ(പടിഞ്ഞാറ്റം കൊവ്വൽ | 16177 |
| 3 | 882 | UAC | നൌറ അഹമ്മദ് | 4805 |
| 3 | 715 | A9 | പാത്തുമ്മ എന്ന ബീഫാത്തുമ്മ&കെപി.സക്കീന & കെ.പി.സുൾഫിക്കർ & കെപി.സാജിത & കെപി.ഷഹനാസ് | 4818 |
| 3 | 881 | UAC | ആഖില അഹമ്മദ് | 4839 |
| 3 | 877 | UAC | ഡോ. കെ പി അഹമ്മദ് | 4942 |
| 3 | 883 | UAC | ഡോ. കെ പി അഹമ്മദ് | 5605 |
| 3 | 1212 | | അബ്ദുൾ റസാഖ് & മമ്മൂഞ്ഞി ഹാജി എൻ കെ | 5616 |
| 3 | 644 | T | പി.പി മുനീർ & യൂസഫലി | 6567 |
| 3 | 884 | UAC | ആഖില അഹമ്മദ് | 10011 |
| 3 | 880 | UAC | നൌറ അഹമ്മദ് | 14439 |
| 3 | 885 | UAC | നൌറ അഹമ്മദ് | 16417 |
| 3 | 350 | K2 | തബിയത്തുൽ ഇസ്ലാം സഭ | 19225 |
| 3 | 1044 | UA | മായിൻ കടവത്ത് അബൂബക്കർ | 21023 |
| 3 | 1045 | UA | മായിൻ കടവത്ത് അബൂബക്കർ | 21829 |

| | | | | |
|---|---|---|---|---|
| 3 | 1043 | A(UA) | മായിൻകടവത്ത് അബൂബക്കർ | 23291 |
| 3 | 1044 | A(UA) | മായിൻകടവത്ത് അബൂബക്കർ | 24049 |
| 3 | 1045 | G1(UA) | മായിൻ കടവത്ത് അബൂബക്കർ | 25074 |
| 3 | 1046 | UA | മായിൻകടവത്ത് അബൂബക്കർ | 25129 |
| 3 | 1046 | A(UA) | മായിൻകടവത്ത് അബൂബക്കർ | 25471 |
| 3 | 1047 | A(UA) | മായിൻ കടവത്ത് അബൂബക്കർ | 26158 |
| 3 | 1048 | A(UA) | മായിൻ കടവത്ത് അബൂബക്കർ | 27125 |
| 3 | 1043 | UA | മായിൻകടവത്ത് അബൂബക്കർ | 27812 |
| 3 | 878 | UAC | ഡോ. കെ പി അഹമ്മദ് | 27951 |
| 3 | 1048 | UA | മായിൻകടവത്ത് അബൂബക്കർ | 28519 |
| 3 | 1047 | UA | മായിൻകടവത്ത് അബൂബക്കർ | 29246 |
| 3 | 1041 | UA | മായിൻകടവത്ത് അബൂബക്കർ | 41184 |
| 3 | 1042 | UA | മായിൻ കടവത്ത് അബൂബക്കർ | 90877 |
| 3 | 1039 | UA | മായിൻ കാടത്ത് അബൂബക്കർ | 122866 |
| 3 | 1040 | UA | മായിൻകടവത്ത് അബൂബക്കർ | 162974 |
| 3 | 886 | UAC | ആഖില അഹമ്മദ് | 171528 |
| 3 | 875 | A/UAC | നസീറ അഹമ്മദ് | 172673 |
| 3 | 1048 | B(UA) | മായിൻകടവത്ത് അബൂബക്കർ | 226205 |
| 3 | 886 | A (UAC) | ഡോ കെ പി അഹമ്മദ് &നസീറ അഹമ്മദ് &,ആഖില അഹമ്മദ് &നൌറ അഹമ്മദ് | 231161 |
| 3 | 745 | A(UA) | ബാബു ബി നായർ സർക്കിൾ ഹെഡ്(ഇൻഫ്രാ സ്ടക്ച്ചർ ലിമിറ്റഡ്,കൊച്ചിൻ682035) | 254921 |
| 5 | 180 | A | കെ ആനന്ദൻ | 8740 |
| 5 | 318 | | സെക്രട്ടറി ചീറപ്പുറം ബ്രദേർസ് ആർട്ട്സ് ക്ലബ് | 18567 |
| 7 | 471 | A | പ്രസിഡണ്ട്,വി.വി.കുഞ്ഞമ്പു സ്മാരക വായനശാല ഗ്രന്ഥാലയം | 5176 |
| 7 | 197 | A | വൈക്കത്ത് കുഞ്ഞിക്കണ്ണൻ | 5297 |
| 7 | 254 | B1 | കിഴക്കേ വീട്ടിൽ രഘുനാഥൻ | 5310 |
| 7 | 95 | A | ജയശ്രീ | 6372 |
| 7 | 412 | B | ചീഫ് സേവക് ചിന്മയ മിഷൻ എഡ്യുക്കേഷൻ കർച്ചറൽ ട്രസ്റ്റ് | 9374 |
| 7 | 412 | | സെക്രട്ടറി ചിന്മയ മിഷൻ നീലേശ്വരം | 66902 |
| 7 | 412 | A | ചിഫ് സേവക് ചിന്മയ മിഷൻ എഡ്യുക്കേഷണൽ & കർച്ചറൽ ട്രസ്റ്റ് | 191689 |
| 8 | 496 | | മാടക്കത്ത് ടി സുകേശൻ | 5350 |
| 8 | 245 | | പി നാരായണൻ | 10260 |
| 9 | 188 | A | ജിൽസ് ജോസഫ് മുണ്ടത്താനത്ത്&റ്റിംസിതോമസ് | 7290 |
| 10 | 198 | | ദി തഹസിൽദാർ ഹോസ്ദുർഗ്ഗ് | 4298 |
| 10 | 332 | A | പ്രസിഡണ്ട്/സെക്രട്ടറി വിശ്വകർമ്മ സമുദായസംഘം | 5823 |
| 10 | 27 | | എ രാജീവൻ | 8210 |
| 10 | 166 | A | കെ ബാലകൃഷ്ണൻ (ശേഖർ ടാക്കീസ്) | 11302 |
| 13 | 285 | A | സെക്രട്ടറി സി പി ഐ (എം) കിഴക്കേക്കര ബ്രാഞ്ച് | 5928 |
| 14 | 150 | | സെക്രട്ടറി / പ്രസിഡൻറ് ബ്രദേഴ്സ് ആർട്സ് & സ്പോർട്ട്സ് ക്ലബ് | 8140 |
| 14 | 253 | C | സെക്രട്ടറി വന്ദന ആർട്സ് സ്പോർട്സ് ക്ലബ് കാര്യങ്കോട് | 8357 |
| 15 | 180 | | ഡിസ്ലിറ്റ് മാനേജർ ഫുഡ് കോർപ്പറേറ്റിവ് ഓഫ് ഇന്ത്യ | 3697 |
| 15 | 181 | | ഡിസ്ലിറ്റ് മാനേജർ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ | 4618 |
| 15 | 47 | A | മൊയേലാകിരിയത്ത്സി.പി.കുഞ്ഞബ്ദുള്ള &സുബൈർ &ഹാരീസ് & ബി മുഹമ്മദ്&സി ബി അഹമ്മദ്&അബ്ദുള്ള | 5475 |
| 15 | 84 | A1 | പൊയക്കര അബ്ദുൾ നിസാർ | 8855 |
| 16 | 458 | A4 | പാത്തുഞ്ഞി എന്ന ബീഫാത്തിമ | 2652 |
| 16 | 338 | B | കളത്തിൽ കുഞ്ഞിക്കണ്ണൻ | 3416 |
| 16 | 45 | A | ഫാസില കെ | 4280 |
| 16 | 458 | A7 | പാത്തുഞ്ഞി എന്ന ബീഫാത്തിമ, കെ.പി.സക്കീന, കെ.പി.സുൾഫിക്കർ,കെ.പി.സാജിത, കെ.പി.ഷഹനാസ് (കമ്മാടത്ത് ഹൌസ്, കമ്മാടം,പരപ്പ പി ഒ,671533,) | 4528 |
| 16 | 443 | | ബി സിദ്ധിഖ് | 5692 |
| 16 | 445 | | സിദ്ധിഖ് ബി | 13566 |
| 16 | 462 | H | പാത്തുഞ്ഞി എന്ന ബീഫാത്തിമ&, സുൽഫിക്കർ& സക്കീന&സാജിത&ഷഹനാസ് | 19511 |

| | | | | |
|---|---|---|---|---|
| 16 | 459 | A | പ്രസിഡൻറ് ജുമാമസ്ജിദ് | 20298 |
| 16 | 458 | A6 | പാത്തുഞ്ഞി എന്ന ബീഫാത്തിമ, കെപി.സക്കീന, കെ.പി സുൾഫിക്കർ, കെ.പി.സാജിത , കെ.പി.ഷഹനാസ് | 22750 |
| 17 | 157 | | ചീറമ്മൽ അബ്ദുൾ സമദ് | 2566 |
| 17 | 160 | D | സി എച്ച് സുബൈർ | 2664 |
| 17 | 133 | B | കടപ്പുറം പാട്ടില്ലത്ത് ഫൌസിയ | 2731 |
| 17 | 133 | C | കടപ്പുറം പാട്ടില്ലത്ത് ഫൌസിയ | 2731 |
| 17 | 133 | D | കടപ്പുറം പാട്ടില്ലത്ത് ഫൌസിയ | 2954 |
| 17 | 133 | E | കടപ്പുറം പാട്ടില്ലത്ത് ഫൌസിയ | 2954 |
| 17 | 133 | F | കടപ്പുറം പാട്ടില്ലത്ത് ഫൌസിയ | 2954 |
| 17 | 353 | A | രാധ കെ | 4861 |
| 17 | 87 | A | ടി.പ്രഭാകരൻ | 6300 |
| 17 | 146 | D(UAC | വിനോദ്.എ.കെ | 27448 |
| 17 | 274 | A | സെക്രട്ടറി, ജനക്ഷേമ സമിതി | 57616 |
| 18 | 369 | A | മംഗലോട്ട് കുഞ്ഞിരാമൻ | 8972 |
| 18 | 369 | A1 | നാരായണി കെ വി, രാമദാസ് കെ വി, രാധിക കെ വി & രജിത കെ വി | 10953 |
| 18 | 146 | A | സെക്രട്ടറി കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ ( മാർക്സിസ്റ്റ്) | 20415 |
| 19 | 253 | A1 | ആശബേബി | 4783 |
| 20 | 117 | B1 | റഹിയാനത്ത് ഷറഫുദ്ദീൻ | 5166 |
| 20 | 82 | A | സെക്രട്ടറി സി പി ഐ(എം) കൊയാമ്പുറം ബ്രാഞ്ച് | 10530 |
| 21 | 388 | | കരീം തലയില്ലത്ത് | 1710 |
| 21 | 161 | | നങ്ങാരത്ത് സബൂറ | 2898 |
| 21 | 387 | A | ടി കെ അബ്ദുൾ റൌഫ് | 3794 |
| 21 | 328 | | ഇ മുഹമ്മദാലി | 6129 |
| 21 | 402 | A1 | ജമീല,കുഞ്ഞായിഷ | 6177 |
| 22 | 375 | B | സജ്ന പി | 3724 |
| 22 | 413 | A | റഹ്മത്ത് ഇ കെ,ഇടക്കാവിൽ അബ്ദുൾ ഗഫൂർ, ഇടക്കാവിൽ നൌഷാദ്, ഫിറോസ് ഇ.കെ,ഷഫീക്.ഇ.കെ,ജംഷീറ.ഇ കെ | 5010 |
| 22 | 79 | A | സി പി കുഞ്ഞബ്ദുള്ള & നാലുപുരാപ്പാട്ടിൽ സുഹറ | 5124 |
| 22 | 259 | A | പറമ്പത്ത് മുഹമ്മദ് കുഞ്ഞി | 5563 |
| 22 | 387 | A | ടി കെ അബ്ദുൾ റൗഫ് | 7591 |
| 23 | 30 | B | കെ.പുഷ്പവല്ലി | 4290 |
| 23 | 183 | | കെ പി ആയിഷ | 5124 |
| 23 | 90 | A | പ്രസിഡണ്ട്, ജയ്ഹിന്ദ് ആർട്സ് ക്ലബ്ബ് | 8134 |
| 23 | 176 | A | പ്രസിഡണ്ട്, കടിഞ്ഞിമൂല ശ്രീവിഷ്ണുമൂർത്തി ദേവസ്ഥാനം | 11113 |
| 23 | 104 | A | സെക്രട്ടറി, കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ, കടിഞ്ഞിമൂല ബ്രാഞ്ച് | 52820 |
| 24 | 234 | | ഡോ.ടി.കെ.ചന്ദ്രശേഖരൻ,ചെയർമാൻ ബ്രില്യൻറ് എജ്യൂക്കേഷൻ ട്രസ്റ്റ്() | 3927 |
| 25 | 7 | UAC | കെ.കെ.സുകുമാരൻ | 3286 |
| 25 | 2 | UA | പി പ്രദീപൻ | 10524 |
| 26 | 47 | A | പി പി അബ്ദുൾസലാം & പി വി താഹിറ | 4140 |
| 26 | 141 | A-ua 1 | വത്സല.കെ | 4332 |
| 26 | 268 | | കെ.സറഫുന്നീസ | 20973 |
| 27 | 10 | UAC | കെ ബാലകൃഷ്ണൻ | 5472 |
| 27 | 1 | UAC/18 | അഷ്റഫ് എ എം | 9788 |
| 28 | 7 | UAC | അഷ്റഫ് പി(.,നിയർ സീ റോഡ്,തൈക്കടപ്പുറം) | 4720 |
| 28 | 70 | B | പ്രസിഡൻറ് ശ്രീ പാലിച്ചോൻ സേവ ചാരിറ്റബിൾ ട്രസ്റ്റ് | 269480 |
| 29 | 235 | | സി എച്ച് റസിയ | 4044 |
| 29 | 1 | UA | പി വി പ്രഭാകരൻ | 7732 |
| 29 | 289 | A | കെ പ്രമോദ് കുമാർ | 8061 |
| 29 | 155 | | കെ രമാവതി | 9361 |
| 29 | 13 | UAC | പള്ളിവളപ്പിൽ ബീഫാത്തിമ | 14640 |
| 29 | 3 | UAC | കെ വി നാരായണി | 22407 |
| 30 | 231 | A1 | കൈറുന്നിസ ടി എ | 4381 |
| 30 | 246 | A | കെ.പി മുനീർ & സജിത മുനീർ | 4616 |

| | | | | |
|---|---|---|---|---|
| 31 | 222 | A | പൊനക്കാച്ചേരി കുഞ്ഞികൃഷ്ണൻ | 4217 |
| 31 | 118 | | ചെറമ്മൽ ബീപാത്തുമ്മ | 8954 |
| 31 | 185 | A | സുരേഷ് ബാബു | 14956 |
| 32 | 1194 | Q | സി എച്ച് അഷ്റഫ് & സി എച്ച് സുബൈർ | 0 |
| 32 | 1194 | R | സി എച്ച് അഷ്റഫ് & സി എച്ച് സുബൈർ | 0 |
| 32 | 1 | C | പ്രസിഡണ്ട് അൻസ്സാറുൽ ഇസ്ലാം ജമാ അത്ത് കമ്മറ്റി | 2785 |
| 32 | 1 | D | പ്രസിഡണ്ട് അൻസ്സാറുൽ ഇസ്ലാം ജമാ അത്ത് കമ്മറ്റി | 2785 |
| 32 | 1 | A | പ്രസിഡണ്ട് അൻസ്സാറുൽ ഇസ്ലാം ജമാ അത്ത് കമ്മറ്റി | 3368 |
| 32 | 1 | B | പ്രസിഡണ്ട് അൻസ്സാറുൽ ഇസ്ലാം ജമാ അത്ത് കമ്മറ്റി | 3368 |
| 32 | 862 | C | എൻ ഉമേഷ്റാവു | 4455 |
| 32 | 840 | | ടി മുഹമ്മദ് കുഞ്ഞി | 4519 |
| 32 | 528 | | ടി കെ പാറു | 4789 |
| 32 | 685 | A | തലക്കൽ സൈനബ | 4938 |
| 32 | 831 | | എൻ പി മുഹമ്മദ് നൗഫൽ | 6026 |
| 32 | 1164 | A | ഒഴിക്കണ്ടത്തിൽ പ്രദീപ് | 6788 |
| 32 | 533 | A | തമ്പാൻ പി | 7725 |
| 32 | 162 | | ഇ കെ അബ്ദുൾ റസാഖ് | 22647 |
| 32 | 161 | | ഇ കെ അബ്ദുൾ റസാഖ് | 23520 |
| 32 | 205 | | ഇ കെ അബ്ദുൾ റസാഖ് | 24792 |
| 32 | 1194 | N | സി എച്ച് അഷ്റഫ് & സി എച്ച് സുബൈർ | 78908 |

വസ്തു നികുതിയിനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ടിയിരുന്ന തുകയും കുടിശികയും പലിശ സഹിതം ഈടാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 വാടകയിനത്തിൽ വൻകുടിശ്ശിക

നീലേശ്വരം നഗരസഭയുടെ 2020-21 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ വാടകയിനത്തിൽ കുടിശ്ശികയുള്ളതായി കണ്ടെത്തി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിടനമ്പർ/ റൂം നമ്പർ | വാടകക്കാരന്റെ പേര് | മാസവാടക | *അടക്കേണ്ട തുക | അടച്ച തുക | കുടിശ്ശിക |
|---|---|---|---|---|---|---|
| 1 | XV | KTDCമാനേജിംഗ് ഡയറക്ടർ | 66,000 | 66,000x10 =6,60,000 | 0 | 6,60,000 |
| 2 | 1/703 | ഇ.കെ.അബ്ദുൾ ഖാദർ | 4,400 | 4,400x10 =44,000 | 22,000 | 22,000 |
| 3 | 1/703A | പി.വി.ഗണേശൻ | 636 | 636x10 =6,360 | 2,544 | 3,816 |
| 4 | 1/708 | ഇ.കെ.ഖദീജ | 1957 | 1957x10 =19,570 | 0 | 19,570 |
| 5 | 1/710 | കെ.അബൂബക്കർ | 1660 | 1660x10 =16,600 | 11,620 | 4,980 |
| 6 | 1/711 | കെ.അബൂബക്കർ | 745 | 745x10 =7,450 | 5,215 | 2,235 |
| 7 | 1/716 | ബി.പി.രമേശൻ | 856 | 856x10 = 8,560 | 5,136 | 3,424 |
| | | | | 7,62,540 | 46,515 | 7,16,025 |

*(കുറിപ്പ് : കോവിഡ് -19 ലോക്ക്ഡൗൺ മൂലം തുറന്നു പ്രവർത്തിക്കാത്തതിനാൽ, 19.08.0202 ലെ 6/1

തീരുമാനപ്രകാരം ഏപ്രിൽ, മെയ് മാസങ്ങളിലെ വാടകയിനത്തിൽ ഇളവ് നൽകിയിട്ടുണ്ട്)

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.19/20-21/16.03.2022) വാടക കുടിശ്ശിക ഈടാക്കുന്നതിന് നോട്ടീസ് നൽകി നടപടി സ്വീകരിച്ചിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-12 തൊഴിൽ നികുതി-അപാകതകൾ

2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധവാർഷിക വരുമാന പത്രികകൾ എന്നിവ പരിശോധിച്ചതിൽ ഏതാനും ചില അപാകതകൾ കാണുകയുണ്ടായി. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1) ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

നീലേശ്വരം നഗരസഭയുടെ 2020-21 സാമ്പത്തിക വർഷത്തിൽ സ്ഥാപനത്തിലെ ഓഫീസ് മേധാവി/സ്ഥാപന ഉടമ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി അടവാക്കിയതിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | ജോലി ചെയ്യുന്ന സ്ഥാപനം | നികുതി അടവാക്കേണ്ടുന്ന കാലയളവ് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടിയിരുന്ന നികുതി | കുറവു വന്ന തുക |
|---|---|---|---|---|---|---|---|
| 1 | പ്രിൻസി.എം സ്റ്റാഫ് നേഴ്സ് | പി.എച്ച്.സി തൈക്കടപ്പുറം | 2020-21 രണ്ടാം അർദ്ധ വർഷം | 1,02,000 | 750/- | 1000/- | 250/- |
| 2 | ശുഭ.സി സ്കൂൾ കൗൺസിലർ | എെ.സി.ഡി.എസ് ഓഫീസ് നീലേശ്വരം | 2020-21 രണ്ടാം അർദ്ധ വർഷം | 1,29,75, | 1000/- | 1250/- | 250/- |
| 3 | ഷൈജ്ജ തോമസ് സ്കൂൾ കൗൺസിലർ | എെ.സി.ഡി.എസ് ഓഫീസ് നീലേശ്വരം | 2020-21 രണ്ടാം അർദ്ധ വർഷം | 1,29,75, | 1000/- | 1250/- | 250/- |
| 4 | ദിവ്യ.എം.വി സ്കൂൾ കൗൺസിലർ | എെ.സി.ഡി.എസ് ഓഫീസ് നീലേശ്വരം | 2020-21 രണ്ടാം അർദ്ധ വർഷം | 1,29,75, | 1000/- | 1250/- | 250/- |
| 5 | നിംഷ സ്റ്റാഫ് നേഴ്സ് | സൂപ്രണ്ട് താലൂക്ക് ഹെഡ് ക്വർട്ടേഴ്സ് ആശുപത്രി നീലേശ്വരം | 2020-21 ഒന്നാം അർദ്ധ വർഷം | 60,144 | 450/- | 600/- | 150/- |
| 6 | അർജ്ജുൻ.പി.എസ് ജൂനിയർ അസിസ്റ്റന്റ് | മെബിൻ നന്ദി ലിമിറ്റഡ് നീലേശ്വരം | 2020-21 ഒന്നാം അർദ്ധ വർഷം | 79,006 | 600/- | 750/- | 150/- |
| 7 | അഭിരാജ്.പി.പി ജൂനിയർ അസിസ്റ്റന്റ് | മെബിൻ നന്ദി ലിമിറ്റഡ് നീലേശ്വരം | 2020-21 രണ്ടാം അർദ്ധ വർഷം | 66,294 | 450/- | 600/- | 150/- |

| | |
|---|---|
| ആകെ | 1,450/- |

തൊഴിൽ നികുതി ഈടാക്കിയതിൽ കുറവു വന്ന തുകയിൽ, നോട്ടീസ് നൽകി തുക ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.(നോട്ടീസ് നൽകിയതു സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.)

2) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2020-21 വർഷത്തിൽ താഴെ കൊടുത്തിരിക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം ഈടാക്കേണ്ടിയിരുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ നം | വാർഡ് നം. | സ്ഥാപനത്തിന്റെ പേര് | നികുതി അടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|---|
| 1 | 15 | രാംകോ സിമന്റ് ലിമിറ്റഡ് പോരോൽ | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 2 | 32 | മണപ്പുറം ഫിനാൻസ്, നീലേശ്വരം ബ്രാഞ്ച് | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 3 | 32 | ഇ കോം എക്സ്പ്രസ്സ് പ്രൈവറ്റ് ലിമിറ്റ് നീലേശ്വരം | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 4 | 32 | കേരള ഗ്രാമീൺ ബാങ്ക് നീലേശ്വരം ബ്രാഞ്ച് | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 5 | 32 | കൊശമറ്റം ഫിനാൻസ്, നീലേശ്വരം | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 6 | 32 | ഡോ.ഗണപതിഭട്ട് ദന്തൽ ക്ലിനിക്ക് നീലേശ്വരം | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 7 | 32 | എൽ.എെ.സി നീലേശ്വരം ബ്രാഞ്ച് | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 8 | 32 | കാംകോ ലിമിറ്റഡ് നീലേശ്വരം | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 9 | 32 | മാനേജർ, മെബിൻ നിധി ലിമിറ്റഡ്, നീലേശ്വരം | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 10 | 32 | ഇന്ത്യൻ ഓവർസീസ് ബാങ്ക്, നീലേശ്വരം ബ്രാഞ്ച് | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 11 | 32 | മാനേജർ,റിലയൻസ് SMSL ലിമിറ്റഡ് ജിയോപോയിന്റ് നീലേശ്വരം | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |

| | | | |
|---|---|---|---|
| 12 | 15 | ഇന്ത്യ സിമിന്റ് ലിമിറ്റഡ് പോരോൽ | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 13 | 31 | മാനേജർ,ശ്രീഗോകുലം നളന്ദ റിസോർട്ട് | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 14 | 32 | ശ്രീവത്സം ഓഡിറ്റോറിയം നീലേശ്വരം | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 15 | 32 | മാനേജർ,അഹല്യ മണി എക്സ്ചേഞ്ച് നീലേശ്വരം | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 16 | 32 | ഫാർമേഴ്സ് വെൽവെയർ കോപ്പറേറ്റീവ് സൊസൈറ്റി നീലേശ്വരം | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 17 | 8 | നാഷണൽ ബ്രിക്സ് ഇഡസ്ട്രീസ് പാലാത്തടം | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 18 | 32 | യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് നീലേശ്വരം | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 19 | 8 | പ്രൊപ്രൈറ്റർ, മാസ്സ് വുഡ് ഇഡസ്ട്രീസ് പാലാത്തടം | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 20 | 32 | ഡിജിറ്റ് കമ്പ്യൂട്ടർ എജ്യൂക്കേഷൻ നീലേശ്വരം | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 21 | 32 | നീലേശ്വരം വനിത സർവ്വീസ് സഹകരണ സംഘം നീലേശ്വരം | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 22 | 32 | മാക്സ് വാല്യൂ ക്രെഡിറ്റ് & ഇൻവെസ്റ്റ്മെന്റ് ലിമിറ്റഡ്, നീലേശ്വരം | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 23 | 8 | കൈരളി ഇന്റർലോക്ക് പാലാത്തടം | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 24 | 8 | റോയൽ സ്റ്റോൺ ക്രഷർ പാലാത്തടം | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 25 | 32 | കാനറ ബാങ്ക്, നീലേശ്വരം ബ്രാഞ്ച് | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 26 | 8 | സൂര്യ ഇന്റർലോക്ക് പാലാത്തടം | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 27 | 32 | മണപ്പുറം ഗോൾഡ് ലോൺ, നീലേശ്വരം | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 28 | 22 | വൈകുണ്ഠം ഓഡിറ്റോറിയം, കോട്ടപ്പുറം | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 29 | 8 | എഡിയൽ വുഡ് ഇഡസ്ട്രീസ് പാലാത്തടം | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 30 | 32 | നീലേശ്വരം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നീലേശ്വരം | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 31 | 32 | ശ്രീ ഗോകുലം ചിറ്റ് & ഫിനാൻസ് ലിമിറ്റഡ്, നീലേശ്വരം | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 32 | 3 | തേജസ്വിനി കോപ്പറേറ്റീവ് ഹോസ്പിറ്റൽ ആന്റ് മെഡിക്കൽ റിസർച്ച് സെന്റർ നീലേശ്വരം | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 33 | 32 | മുത്തൂറ്റ് മൈക്രോ ഫിനാൻസ്, നീലേശ്വരം | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 34 | 32 | നീലേശ്വരം അർബൻ സഹകരണ ബാങ്ക്, നീലേശ്വരം ബ്രാഞ്ച് | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 35 | 8 | റോയൽ ഇന്റർലോക്ക് പാലാത്തടം | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 36 | 32 | നീലേശ്വരം സർവ്വീസ് സഹകരണ ബാങ്ക്, ഹെഡ് ഓഫീസ് നീലേശ്വരം | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 37 | 25 | നീലേശ്വരം സർവ്വീസ് സഹകരണ ബാങ്ക്, തൈക്കടപ്പുറം ബ്രാഞ്ച് | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |
| 38 | 32 | പ്രോപ്രൈറ്റർ, നീലേശ്വരം ഗ്യാസ് ഏജൻസി,നീലേശ്വരം | 2020-21 ഒന്നും രണ്ടും അർദ്ധ വർഷം |

| | | | |
|---|---|---|---|
| 39 | 32 | ഹോസ്ദുർഗ് താലൂക്ക് മർക്കന്റയിൽ സഹകരണ സംഘം, നീലേശ്വരം | 2020-21 ഒന്നം രണ്ടും അർദ്ധ വർഷം |
| 40 | 11 | എൽ.ടി.എം ടിമ്പർ ഇഡസ്ട്രീസ് പുത്തരിയടുക്കം | 2020-21 ഒന്നം രണ്ടും അർദ്ധ വർഷം |
| 41 | 32 | കാസറഗോഡ് ജില്ലാ സഹകരണ ഹൗസിങ്ങ് സൊസൈറ്റി, നീലേശ്വരം | 2020-21 ഒന്നം രണ്ടും അർദ്ധ വർഷം |
| 42 | 32 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, നീലേശ്വരം ബ്രാഞ്ച് | 2020-21 ഒന്നം രണ്ടും അർദ്ധ വർഷം |
| 43 | 32 | ബാങ്ക് ഓഫ് ഇന്ത്യ, നീലേശ്വരം ബ്രാഞ്ച് | 2020-21 ഒന്നം രണ്ടും അർദ്ധ വർഷം |
| 44 | 32 | മുത്തൂറ്റ് ഫിനാൻസ് കോർപ്പറേഷൻ, നീലേശ്വരം ബ്രാഞ്ച് | 2020-21 ഒന്നം രണ്ടും അർദ്ധ വർഷം |
| 45 | 32 | ബാങ്ക് ഓഫ് ബറോഡ, നീലേശ്വരം ബ്രാഞ്ച് | 2020-21 ഒന്നം രണ്ടും അർദ്ധ വർഷം |
| 46 | 11 | വയനാട് വുഡ് ഇഡസ്ട്രീസ് പുത്തരിയടുക്കം | 2020-21 ഒന്നം രണ്ടും അർദ്ധ വർഷം |
| 47 | 32 | നീലേശ്വരം റൂറൽ കോപ്പറേറ്റീവ് ഹൗസിങ്ങ് സൊസൈറ്റി | 2020-21 ഒന്നം രണ്ടും അർദ്ധ വർഷം |
| 48 | 32 | കെ എസ് എഫ് ഇ, നീലേശ്വരം ബ്രാഞ്ച് | 2020-21 ഒന്നം രണ്ടും അർദ്ധ വർഷം |
| 49 | 32 | യൂണിമണി ഫിനാൻഷ്യൽ സർവീസ് ലിമിറ്റഡ്, നീലേശ്വരം | 2020-21 ഒന്നം രണ്ടും അർദ്ധ വർഷം |
| 50 | 32 | എച്ച് ഡി എഫ് സി ബാങ്ക്, നീലേശ്വരം മാർക്കറ്റ് ബ്രാഞ്ച് | 2020-21 ഒന്നം രണ്ടും അർദ്ധ വർഷം |
| 51 | 10 | കേരള സ്റ്റേറ്റ് ബിവറേജ് കോർപ്പറേഷൻ | 2020-21 ഒന്നം രണ്ടും അർദ്ധ വർഷം |
| 52 | 28 | പാലിച്ചോൻ ഓഡിറ്റോറിയം, തൈക്കടപ്പുറം | 2020-21 ഒന്നം രണ്ടും അർദ്ധ വർഷം |
| 53 | 6 | പട്ടേന വുഡ് ഇഡസ്ട്രീസ് പട്ടേന | 2020-21 ഒന്നം രണ്ടും അർദ്ധ വർഷം |
| 54 | 32 | വ്യാപാര ഭവൻ ഓഡിറ്റോറിയം, നീലേശ്വരം | 2020-21 ഒന്നം രണ്ടും അർദ്ധ വർഷം |
| 55 | 15 | ആരാധന ഓഡിറ്റോറിയം, പേരോൽ | 2020-21 ഒന്നം രണ്ടും അർദ്ധ വർഷം |
| 56 | 2 | എൻ എസ് എസ് ഓഡിറ്റോറിയം, പടിഞ്ഞാറ്റംകുഴവൽ | 2020-21 ഒന്നം രണ്ടും അർദ്ധ വർഷം |
| 57 | 32 | ഹിന്ദുസ്ഥാൻ പെട്രോളിയം, നീലേശ്വരം | 2020-21 ഒന്നം രണ്ടും അർദ്ധ വർഷം |
| 58 | 21 | എൻ ജി എം പ്രഭു ഇന്ത്യൻ ഓയിൽ പെട്രോൾ പമ്പ്, നീലേശ്വരം മാർക്കറ്റ് | 2020-21 ഒന്നം രണ്ടും അർദ്ധ വർഷം |
| 59 | 32 | പെട്രോൾ ബങ്ക്, നീലേശ്വരം | 2020-21 ഒന്നം രണ്ടും അർദ്ധ വർഷം |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകി തുക ഈടാക്കിരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.(നോട്ടീസ് നൽകിയത് സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.)

3) <u>അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>

നഗരസഭ പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ താമസിച്ച്കൊണ്ട് തൊഴിൽ ഏർപ്പെടുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2020-21സാമ്പത്തിക വർഷത്തിൽ നഗരസഭ പ്രദേശത്ത് താമസക്കാരായ ചുവടെ ചേർത്ത അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെചേർക്കുന്നു.

| ക്രമ | കരാറുകാരന്റെ പേര് | തൊഴിൽ നികുതി ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|

| നമ്പർ | | |
|---|---|---|
| 1 | രമേശൻ.എം.വി,മുണ്ടയിൽ വീട് കടിഞ്ഞിമൂല പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 2020-21ഒന്നും,രണ്ടും അർദ്ധവർഷം. |
| 2 | മനോജൻ.വി.വി,തൈക്കടപ്പുറം പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 2020-21ഒന്നും,രണ്ടും അർദ്ധവർഷം. |
| 3 | വിനോദ് എ.കെ,കാര്യംങ്കോട് പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 2020-21ഒന്നും,രണ്ടും അർദ്ധവർഷം. |
| 4 | രാജേഷ് പി,കോയംമ്പുറം പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 2020-21ഒന്നും,രണ്ടും അർദ്ധവർഷം. |
| 5 | ചന്ദ്രൻ.കെ,കടവത്ത് ഹൗസ്, ഓർച്ച പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 2020-21ഒന്നും,രണ്ടും അർദ്ധവർഷം. |
| 6 | ഇ.കൃഷ്ണൻ,മട്ടമ്മൽ ഹൗസ് പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 2020-21ഒന്നും,രണ്ടും അർദ്ധവർഷം. |
| 7 | സുകുമാരൻ പി.പി,തൈക്കടപ്പുറം പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 2020-21ഒന്നും,രണ്ടും അർദ്ധവർഷം. |
| 8 | വിനീഷ്. വി.കെ ചാത്തമ്മത്ത്കാര്യംങ്കോട് പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 2020-21ഒന്നും,രണ്ടും അർദ്ധവർഷം. |
| 9 | ഓർച്ചവാസു,ഓർച്ച, നീലേശ്വരം പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 2020-21ഒന്നും,രണ്ടും അർദ്ധവർഷം. |
| 10 | എം.ചന്ദ്രൻ,നീലേശ്വരം പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 2020-21ഒന്നും,രണ്ടും അർദ്ധവർഷം. |

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-13 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണത്തിലെ അപാകതകൾ- നിർവ്വഹണം പട്ടികജാതി വികസന ഓഫീസർ

| ക്രമ നം | പദ്ധതിയുടെ പേര് | തുക നൽകിയ സ്ഥാപനം | നൽകിയ തുക |
|---|---|---|---|
| 1 | പദ്ധതി നം.219/21 പട്ടിക ജാതി | KELTRON/A/C | 6,65,328/-ബിൽ |

| | | | |
|---|---|---|---|
| | വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് (24 വിദ്യാർത്ഥികൾ) പർച്ചേസ് ഇൻവോയ്സ് നം. KELTRON -1661/31.01.2021 | No.79901140003959 | നം.1/24.04.2020 |
| 2 | പദ്ധതി നം.157/21 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് (19 വിദ്യാർത്ഥികൾ) പർച്ചേസ് ഇൻവോയ്സ് ബിൽ ലഭ്യമാക്കിയിട്ടില്ല. | KELTRON/A/C No.79901140003959 | 5,39,676(ബിൽ നം 14/31.03.2021) |

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

1) പദ്ധതി നം.219/21 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് (24 വിദ്യാർത്ഥികൾ) പർച്ചേസ് ഇൻവോയ്സ് നം. KELTRON -1661/31.01.2021

2)പദ്ധതി നം.157/21 പട്ടിക ജാതി . വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് (19 വിദ്യാർത്ഥികൾ)

ആകെ 43 ലാപ്പ് ടോപ്പ് വാങ്ങയതിൽ 19 വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം നടത്തിയ രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. 24 ലാപ്പ് ടോപ്പ് വിതരണം നടത്തിയ രേഖകൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ പട്ടികജാതി വകുപ്പ് നടപ്പിലാക്കുന്ന പ്രോജക്ടിൽ നിന്നും ലാപ്പ് ടാപ്പ് ലഭിച്ചിട്ടില്ലായെന്നത് സംബന്ധിച്ച സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ 6,65,328/-രൂപ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വറി നം .24/16.03.2022)

1-14 വയോജനങ്ങൾക്ക് കട്ടിൽ- വിതരണത്തിലെ അപാകതകൾ-നിർവ്വഹണം പട്ടികജാതി വികസന ഓഫീസർ

| പ്രോജക്ട് നം. /പദ്ധതിയുടെ പേര് | ചെലവ് തുക | ട്രഷറി ബിൽ നമ്പർ, തീയതി. | തുക നൽകിയത് | വാങ്ങിയ കട്ടിലുകളുടെ എണ്ണം |
|---|---|---|---|---|
| 120/21 -വയോജനങ്ങൾക്ക് കട്ടിൽ | 2,13,123 | 09/04.3.2021 | Artison അക്കൗണ്ട് നം0808201005758 | 49 |

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

വയോജനങ്ങൾക്ക് കട്ടിൽ എന്ന പദ്ധതിക്കായി ആകെ 2,13,123/- രൂപയാണ് വകയിരുത്തി ചെലവഴിച്ചത്. വിതരണത്തിനായി കൊണ്ടുവന്ന 49കട്ടിലുകളിൽ 44 എണ്ണം മാത്രമാണ് രേഖകൾ പ്രകാരം ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളതായി വ്യക്തമാകുന്നത്. 5 ഗുണഭോക്താകൾ കട്ടിലുകൾ കൈപ്പറ്റിയ രേഖകൾ ഹാജരാക്കിയിട്ടില്ല, മോണിട്ടറിംഗ്

റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല, ലഭ്യമാക്കിയ കട്ടിലുകളുടെ ഗുണ നിലവാരം പരിശോധിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല, പ്രോജക്ടുകളുടെ നിർവഹണം പോലെ പ്രധാന്യമുള്ളതാണ് പ്രോജക്ട് വിലയിരുത്തൽ. പ്രോജക്ട് ലക്ഷ്യം കൈവരിച്ചോ എന്ന് വിലയിരുത്തുന്നതിന് വ്യവസ്ഥാപിതമായ മോണിറ്ററിങ്ങ് സംവിധാനം സർക്കാർ നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ട് മോണിറ്ററിങ്ങിന് വിധേയമായിട്ടില്ല എന്ന് പ്രോജക്ട് ഫയൽ വ്യക്തമാക്കുന്നു.

പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിച്ച്, രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ 2,13,123/-രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വറി നം .24/16.03.2022)

1-15 ടിആർ7എ ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല-നിർവ്വഹണം പട്ടികജാതി വികസന ഓഫീസർ

പദ്ധതി നിർവ്വഹണത്തിന് ഭാഗമായി, ഓരോ നിർവ്വഹണ ഉദ്യോഗസ്ഥരും ജി.ഒ.(പി.)നം.177/2006/ഫിൻ/തിയ്യതി.12/04/2006 പ്രകാരമുള്ള ടി.ആർ.7എ ക്യാഷ് ബുക്ക് സൂക്ഷിക്കണമെന്ന് ഉത്തരവിൽനിഷ്കർഷിക്കുന്നു. എന്നാൽ, നിർവ്വഹണ ഉദ്യോഗസ്ഥയായ പട്ടികജാതി വികസന ഓഫീസർ ഓഡിറ്റിന് സമർപ്പിച്ച ക്യാഷ് ബുക്ക് നിശ്ചിത മാതൃകയിലല്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.24 തീയതി 16-03-2022ന് മറുപടി നല്കിയിട്ടില്ല. നിശ്ചിത മാതൃകയിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-16 ബസ് സ്റ്റാന്റ് ഫീ മുഴുവനായും പിരിച്ചെടുത്തിട്ടില്ല

നീലേശ്വരം നഗരസഭയിൽ 2020-21 വർഷത്തെ ബസ് സ്റ്റാന്റ് ഫീ ഇനത്തിൽ വൻതുക കുടിശ്ശികയുള്ളതായി 2020-21 വർഷത്തെ ലേലം രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

നീലേശ്വരം ബസ് സ്റ്റാന്റ് .

നീലേശ്വരം നഗരസഭയിൽ 2020-21 വർഷത്തെ ബസ് സ്റ്റാന്റ് ഫീ, ബസ് സ്റ്റാന്റ് കെട്ടിടത്തിൽ LED TV സ്ഥാപിച്ച് പരസ്യം നൽകൽ എന്നീ ഇനങ്ങളിൽ വൻതുക കുടിശ്ശികയുള്ളതായി 2020-21 വർഷത്തെ ലേലം രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

നീലേശ്വരം ബസ് സ്റ്റാന്റ് .

| | |
|---|---|
| ലൈസൻസിയുടെ പേര് | പി.വി.കുഞ്ഞനന്തൻ |
| Bid Amount | 2,84,000/- |
| മാസ വാടക | 2,84,000/12 = 23,666 |
| അടച്ചതുക | 94,667 |
| ബാക്കി | 2,84,000-94,667 = 1,89,333 |
| ലോക്ക്ഡൗൺ വന്നതിനാൽ സർക്കാർ ഉത്തരവു പ്രകാരം ബസ് സ്റ്റാന്റ് ഫീ അടവാക്കുന്നതിൽ 2മാസത്തെ ഇളവു | 23,666x2= 47,332 |

| | |
|---|---|
| നൽകിയിട്ടുണ്ട് | |
| ഇളവ് കഴിച്ച് അടക്കാൻ ബാക്കിയുള്ള തുക | 1,89,333-47,332<br>= 1,42,001 + GST@18%<br>============== |

ബസ് സ്റ്റാന്റ് ഫീ ഇനത്തിൽ കുടിശ്ശികയുള്ള തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുള്ളതായി ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.22/16.03.2022) സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

### 1-17 ബസ് സ്റ്റാന്റ് കെട്ടിടത്തിൽ LED TV സ്ഥാപിച്ച് പരസ്യം നൽകൽ - തുക മുഴുവനായും പിരിച്ചെടുത്തിട്ടില്ല

ലൈസൻസിയുടെ പേര് : ഹരീഷ് കൃഷ്ണൻ.ജി.കെ, ആനച്ചാൽ

Bid Amount : 27,300/-

അടച്ചതുക : 9,067

അടക്കാൻ ബാക്കിയുള്ള തുക : 27,300 – 9,067

=18,233

ഈടാക്കാൻ ബാക്കി നിൽക്കുന്ന 18,233/- രൂപ എത്രയും പെട്ടെന്ന് ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.22/16.03.2022)

### 1-18 ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം തുടർന്നു

2019-20, 2020-21 വർഷം ഡെത്ത് രജിസ്ട്രേഷൻ ചെയ്യുന്നതിനായി നഗരസഭ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം “സേവന” വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചതായും, ചില ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ നിന്നും തുക പിൻവലിച്ചതായും കാണകയുണ്ടായി (2019-20,2020-21 ലെ അപേക്ഷാ രജിസ്റ്ററിലെ വിവരങ്ങൾ അടിസ്ഥാനമാക്കി കണ്ടെത്തിയ വിവരങ്ങൾ, 2019-20,2020-21 വർഷത്തിൽ സമർപ്പിച്ച അപേക്ഷയിൽ ആധാർ രേഖകൾ ലഭ്യമല്ലാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.) സ. ഉ. (എം എസ്)483/17/ധന/06.11.17 ഖ XV പ്രകാരം പെൻഷൻ വാങ്ങുന്നവർ എല്ലാവർഷവും ഡിസംബർ മാസം അക്ഷയ കേന്ദ്രങ്ങൾ മുഖാന്തിരം ജീവൻരേഖ സോഫ്റ്റ് വെയറിൽ മസ്റ്ററിംഗ് നടത്തേണ്ടതാണെന്നും അല്ലാത്തവർക്ക് അടുത്തഗഡു മുതൽ പെൻഷൻ അനുവദിക്കാവുന്നതല്ല എന്നതുമാണ് സർക്കാർ നിർദ്ദേശം. മേൽ നിർദ്ദേശം പാലിക്കാതെ മരണപ്പെട്ട ഗുണഭോക്താകൾക്ക് ചുവടെ ചേർത്തപ്രകാരം തുടർന്നും പെൻഷൻ തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|---|
| | | | | | മാസം | അനുവദിച്ച തുക |
| 1 | കുഞ്ഞിരാമൻ.എം.സി (ഇന്ദിരാ ഗാന്ധി ദേശീയ | 452597653173 | 112500201308 | 12.04.2020 | 2020 മെയ് മുതൽ 2020 ആഗസ്റ്റ് വരെ | 1,300 X 4<br>5,200 |

| | | | | | | |
|---|---|---|---|---|---|---|
| | വാർദ്ധക്യ കാല പെൻഷൻ) | | | | 2020സെപ്റ്റംബർ മുതൽ 2020 ഡിസംബർ വരെ | 1,400 X 4<br>5,600 |
| | | | | | 2021 ജനവരി മുതൽ 2021 ഫെബ്രുവരി വരെ | 1,500 X 2<br>3,000 |
| 2 | ബാലകൃഷ്ണൻ.യു<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 234901086255 | 112500201116 | 24.06.2020 | 2020 ജൂലൈ മുതൽ 2020 ആഗസ്റ്റ് വരെ | 1,300 X 2<br>2,600 |
| | | | | | 2020 സെപ്റ്റംബർ മുതൽ 2020 ഒക്ടോബർ വരെ | 1,400 X 2<br>2,800 |
| 3 | മടിക്കൈ ബാലകൃഷ്ണ പണിക്കർ<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 845108419072 | 112500203043 | 17.06.2020 | 2020 ജൂലൈ മുതൽ 2021 ഫെബ്രുവരി വരെ | 600 X 8<br>4,800 |
| 4 | കുഞ്ഞാമി.സി.കെ<br>(ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ) | 271343151440 | 112500601099 | 22.10.2020 | 2020 നവംബർ മുതൽ 2020 ഡിസംബർ വരെ | 1,400 X 2<br>2,800 |
| | | | | | 2021ജനവരി മുതൽ 2021 ഫെബ്രുവരി വരെ | 1,500 X 2<br>3,000 |
| 5 | കണ്ണൻ.എം.വി<br>(കർഷക തൊഴിലാളി പെൻഷൻ) | 553772291583 | 112080100272 | 30.01.2020 | 2020 ഫെബ്രുവരി മുതൽ 2020 ഏപ്രിൽ വരെ | 1,220 X 3<br>3,660 |
| | | | | | 2020 മെയ് മുതൽ 2020 ആഗസ്റ്റ് വരെ | 1,300 X 4<br>5,200 |
| | | | | | 2020 സെപ്റ്റംബർ മുതൽ 2020 ഡിസംബർ വരെ | 1,400 X 4<br>5,600 |
| 6 | മൗലാകിരിയത്ത് സഫിയത്ത്<br>(ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ) | 743105963293 | 112500600317 | 24.02.2020 | 2020 മാർച്ച് മുതൽ 2020 ഏപ്രിൽ വരെ | 1,220 X2<br>2,440 |
| | | | | | 2020 മെയ് മുതൽ 2020 ആഗസ്റ്റ് വരെ | 1,300 X 4<br>5,200 |
| | | | | | 2020 സെപ്റ്റംബർ മുതൽ 2020 ഡിസംബർ വരെ | 1,400 X 4<br>5,600 |
| | | | | | 2021ജനവരി മുതൽ 2021 മാർച്ച് വരെ | 1,500 X 3<br>4,500 |
| | | | | | 2021 ഏപ്രിൽ | 1,600 X 1<br>1,600 |
| 7 | ശിവരാമൻ.പി.വി<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 766643337196 | 112500202381 | 12.01.2020 | 2020 ഫെബ്രുവരി മുതൽ 2020 ഏപ്രിൽ വരെ | 1,220 X 3<br>3,660 |
| | | | | | 2020 മെയ് മുതൽ 2020 ആഗസ്റ്റ് വരെ | 1,300 X 4<br>5,200 |

| | | |
|---|---|---|
| | 2020 സെപ്റ്റംബർ | 1,400 X 1<br>1,400 |
| | ആകെ | 73,860 |

ധനകാര്യ വകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാവർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് മരണപ്പെട്ട വ്യക്തികളെ അതാതു മാസം തന്നെ സേവന സോഫ്റ്റ് വെയറിൽ നിന്നും ഉടനടി സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാറുകളെ അറിയിക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യുകയെന്നത് സെക്രട്ടറിയുടെയും ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെയും ചുമതലയാണ്. (സ.ഉ(പി) 97/20/ധന/23.9.20) ഖ. 13)

മരണപ്പെട്ട ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യുവാനുണ്ടായ സാഹചര്യം വിശദമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.12/15.03.2022) ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ മാർഗ്ഗനിർദേശങ്ങൾക്ക് വിരുദ്ധമായി സാമൂഹ്യസുരക്ഷ പെൻഷൻ ഇനത്തിൽ നൽകിയ തുകയായ 73,860/-രൂപ തിരികെ ഈടാക്കി ഡി ബി ടി സെല്ലിലേക്ക് തിരിച്ചടച്ച് വിശദ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-19 വിശപ്പ് രഹിത നീലേശ്വരം - പദ്ധതി ചെലവ് അപാകത.

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ

പ്രോജക്ട് നം. - S0156/21

പ്രോജക്ടിന്റെ പേര് - വിശപ്പ് രഹിത നീലേശ്വരം

അടങ്കൽ - 5,00,000/-രൂപ വികസന ഫണ്ട് (ജനറൽ)

ചെലവ് തുക - 90,000/-രൂപ - വികസന ഫണ്ട് (ജനറൽ)

ബിൽ നമ്പർ, തീയതി - 11/20-21-തീയ്യതി.26.02.2021.Rs.60,000/-

ബിൽ നമ്പർ, തീയതി - 12/20-21-തീയ്യതി.06.03.2021.Rs.30,000/-

കേരളസർക്കാരിന്റെ 2020-21 ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെടുന്ന വിശപ്പ രഹിത പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന കുടുംബശ്രീ സംരംഭ പദ്ധതിയാണ് "കുടുംബശ്രീ ജനകീയ ഹോട്ടലുകൾ" പൊതുജനങ്ങൾക്ക് ന്യായവിലയിൽ ഉച്ചഭക്ഷണം ലഭ്യമാക്കുന്നതിന് പ്രാധാന്യം കൊടുത്തുകൊണ്ട് നടപ്പിലാക്കുന്ന ഈ പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, കുടുംബശ്രീയും,സിവിൽ സപ്ലൈസും ഉൾപ്പെടുന്ന പ്രവർത്തനത്തിലൂടെയാണ് നിർവ്വഹിക്കപ്പെടുന്നത്. 20 രൂപയ്ക്ക് ഉച്ചഭക്ഷണം ലഭ്യമാക്കുന്നതിനും, ന്യായവിലയിൽ പ്രവർത്തിക്കുന്നതുമായ ഒരു കുടുംബശ്രീ സംരംഭമായി വേണം ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കേണ്ടത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും ചേർന്ന് സംരംഭത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി 2020-21 സാമ്പത്തിക വർഷം നീലേശ്വരം നഗരസഭയിൽ "വിശപ്പ് രഹിത നീലേശ്വരം" എന്ന പദ്ധതിക്കായി (പ്രൊജക്ട് നമ്പർ S0156/21) മേൽ ട്രഷറി ബില്ലുകൾ പ്രകാരം വികസന ഫണ്ടിൽ നിന്നും ആകെ 90,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. നീലേശ്വരം നഗരസഭ നടപ്പിലാക്കി വരുന്ന വിശപ്പ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലേക്കായി നീലേശ്വരം നഗരസഭാ കുടുംബശ്രീ മെമ്പർ സെക്രട്ടറിയുടെ ഉത്തരവ് നമ്പർ സി1-2986/11 തീയ്യതി 22.02.2021 പ്രകാരം "രുചിക്കലം" ജനകീയ ഹോട്ടൽ എന്ന സ്ഥാപനത്തിന് 60,000/-രൂപയും, കുടുംബശ്രീ മെമ്പർ സെക്രട്ടറിയുടെ ഉത്തരവ് നമ്പർ സി1-2986/11 തീയ്യതി 27.02.2021 പ്രകാരം ഷീബ രാജീവൻ, മനീഷ സജീവൻ എന്നിവർ ഉൾപ്പെടുന്ന ജനകീയ ഹോട്ടൽ സംരംഭത്തിന് 30,000/-രൂപയും നൽകിയിട്ടുണ്ട്. ഈ രണ്ട് ജനകീയ ഹോട്ടലുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി വാങ്ങിയ സാധനങ്ങളുടെ സബ്ബ് വൗച്ചറുകൾ ഓഡിറ്റ് പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.21/16.03.2022 പ്രകാരം മേൽ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആയതിനാൽ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 90,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-20 നഗരസഭയുടെ വിവിധ വാഹനങ്ങളുടെ ടയറുകൾ മാറ്റിയത്-അപാകത

1)KL-60-N-1216 നമ്പർ കാർ

വൗച്ചർ നം.22000286/8.9.2020 – 9800/-രൂപ

ചെക്ക് നം.032439/8.9.2020

ഫയൽ നം.എച്ച്1/ഇ1/6150/17

നഗരസഭയുടെ ഉടമസ്ഥതയിലുള്ള KL-60-N-1216 നമ്പർ കാറിന്റെ 2 ടയറുകൾ മാറ്റിയതിന് ശ്രീദേവി സർവ്വീസ് സ്റ്റേഷൻ നീലേശ്വരത്തിന്റെ ഇൻവോയ്സ് നം.694/18.8.2020 പ്രകാരം ആകെ 9800/-രൂപ ചെലവഴിച്ചിട്ടുണ്ട്.

2)KL-60-8923 നമ്പർ ടിപ്പർ ലോറി

വൗച്ചർ നം.22000295/15.9.2020 – 34000/-രൂപ

ചെക്ക് നം.032444/15.9.2020

ഫയൽ നം.എച്ച്1/ഇ1/4930/11

നഗരസഭയുടെ ഉടമസ്ഥതയിലുള്ള KL-60-8923 നമ്പർ ടിപ്പർ ലോറിയുടെ 4 ടയറുകൾ മാറ്റിയതിന് ശ്രീദേവി സർവ്വീസ് സ്റ്റേഷൻ നീലേശ്വരത്തിന്റെ ഇൻവോയ്സ് നം.697/20.8.2020 പ്രകാരം ആകെ 34000/-രൂപ ചെലവഴിച്ചിട്ടുണ്ട്.

3)KL-60-C-7781 നമ്പർ കാർ

(1)വൗച്ചർ നം.14/10/20-21/6.10.2020 – 9800/-രൂപ

ചെക്ക് നം.042940/6.10.2020

(2)വൗച്ചർ നം.16/02/20-21/5.2.21 – 4800/-രൂപ

ചെക്ക് നം.127980/5.2.21

ഫയൽ നം.എച്ച്1/ഇ1/1683/11

നഗരസഭയുടെ ഉടമസ്ഥതയിലുള്ള KL-60-C-7781 നമ്പർ കാറിന്റെ 2 ടയറുകൾ മാറ്റിയതിന് ശ്രീദേവി സർവ്വീസ് സ്റ്റേഷൻ നീലേശ്വരത്തിന്റെ ഇൻവോയ്സ് നം.713/23.9.2020 പ്രകാരം ആകെ 9800/-രൂപ ചെലവഴിച്ചിട്ടുണ്ട്. പിന്നീട് ഇതേ കാറിന്റെ 1 ടയർ മാറ്റിയതിന് ശ്രീദേവി സർവ്വീസ് സ്റ്റേഷൻ നീലേശ്വരത്തിന്റെ ഇൻവോയ്സ് നം.746/10.11.2020 പ്രകാരം ആകെ 4800/-രൂപ ചെലവഴിച്ചിട്ടുണ്ട്.

മേൽ ക്രമ നം.(1),(2),(3) പ്രകാരം നഗരസഭാ വാഹനങ്ങളുടെ ടയറുകൾ മാറ്റുന്നതിന് പൊതുമരാമത്ത് മെക്കാനിക്കൽ ഡിവിഷനിൽ നിന്നും ലഭ്യമായ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ്, പർച്ചേസ് നടത്തിയതിന് ക്വട്ടേഷൻ ക്ഷണിച്ചത്, ലഭിച്ച ക്വട്ടേഷനുകൾ, പർച്ചേസ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ അംഗീകാരം സബന്ധമായ രേഖകൾ, എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.04/09.03.2022 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ആകെ 58400/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 നഗരസഭയുടെ ടിപ്പർ ലോറിയുടെ റിപ്പയർ -അപാകത

വൗച്ചർ നം.42/12/20-21/22.12.2020 - 22800/-രൂപ

ചെക്ക് നം.127949/22.12.2020

ഫയൽ നം.എച്ച്1/ഇ1/4930/11

നഗരസഭയുടെ ഉടമസ്ഥതയിലുള്ള KL-60-8923 നമ്പർ ടിപ്പർ ലോറിയുടെ അറ്റകുറ്റപ്പണി നടത്തിയതിന് പറശ്ശിനി ഓട്ടോമൊബൈൽസ് കണിച്ചിറ നീലേശ്വരം നം.416/11.11.2020 പ്രകാരം 22800/-രൂപയുടെ ബില്ല് സമർപ്പിച്ചിട്ടുണ്ട്. വൗച്ചർ നം.42/12/20-21/22.12.2020 പ്രകാരം 22800/-രൂപ സ്ഥാപനത്തിന് നൽകി. കേരളാ മുനിസിപ്പാലിറ്റി(മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ പ്രകാരം 20000/-രൂപക്ക് മുകളിൽ വരുന്ന റിപ്പയർ പ്രവർത്തികൾ അധികാരസ്ഥാനത്തിന്റെ (പൊതുമരാമത്ത് മെക്കാനിക്കൽ ഡിവിഷൻ) അംഗീകാരത്തോടെ മാത്രമെ ചെയ്യാൻ പാടുള്ളൂ. ഈ പ്രവർത്തി നടത്തിയതിന് ക്വട്ടേഷൻ ക്ഷണിച്ചത്, ലഭിച്ച ക്വട്ടേഷനുകൾ, ക്വട്ടേഷന് പൊതുമരാമത്ത് മെക്കാനിക്കൽ ഡിവിഷൻ അംഗീകാരം നൽകിയത്, ഭരണസമിതി അംഗീകാരം നൽകിയത് എന്നിവ സബന്ധമായ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.05/09.03.2022 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 22800/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-22 നഗരസഭയുടെ വാഹനങ്ങളുടെ ബാറ്ററി മാറ്റിയത്-അപാകത

1.KL-60-N-1216 നമ്പർ കാർ

വൗച്ചർ നം.10/09/20-21/8.9.2020 – 4300/-രൂപ

ചെക്ക് നം.032440/8.9.2020

ഫയൽ നം.എച്ച്1/ഇ1/6150/17

നഗരസഭയുടെ ഉടമസ്ഥതയിലുള്ള KL-60-N-1216 നമ്പർ കാറിന്റെ ബാറ്ററി മാറ്റിയതിന് ട്വിൻസ് ഓട്ടോ ഇലക്ട്രിക്കൽ വർക്സ് നീലേശ്വരത്തിന്റെ ഇൻവോയ്സ് നം.555/15.6.2020 പ്രകാരം ആകെ 4300/-രൂപ ചെലവഴിച്ചിട്ടുണ്ട്.

2.KL-60-N-8461 നമ്പർ വാഹനം

വൗച്ചർ നം.06/12/20-21/1.12.2020 – 6100/-രൂപ

ചെക്ക് നം.127933/1.12.2020

ഫയൽ നം.എച്ച്1/330/18

നഗരസഭയുടെ ഉടമസ്ഥതയിലുള്ള KL-60-N-8461 നമ്പർ വാഹനത്തിന്റെ ബാറ്ററി മാറ്റിയതിന് ട്വിൻസ് ഓട്ടോ ഇലക്ട്രിക്കൽ വർക്സ് നീലേശ്വരത്തിന്റെ ഇൻവോയ്സ് നം.583/11.11.2020 പ്രകാരം ആകെ 6100/-രൂപ ചെലവഴിച്ചിട്ടുണ്ട്.

ക്രമ നം.(1),(2) പ്രകാരം ബാറ്ററി മാറ്റുന്നതിന് പൊതുമരാമത്ത് മെക്കാനിക്കൽ ഡിവിഷനിൽ നിന്നും ലഭ്യമായ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ്, പർച്ചേസ് നടത്തിയതിന് ക്വട്ടേഷൻ ക്ഷണിച്ചത്, ലഭിച്ച ക്വട്ടേഷനുകൾ, പർച്ചേസ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ അംഗീകാരം സബന്ധമായ രേഖകൾ, എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.06/09.03.2022 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 10400/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-23 സർവ്വീസ് കണക്ഷൻ ലഭിക്കുന്നതിന് വൈദ്യുതി ബോർഡിൽ തുക ഒടുക്കിയത്

1.വൗച്ചർ നം.81/03/20-21/23.3.2021 – 18827/-രൂപ

ചെക്ക് നം.247745/23.3.2021

ഫയൽ നം.ഇ-1- 9156/16

നീലേശ്വരം നഗരസഭയിലെ ചിറപ്പുറം വനിതാ പരിശീലന കേന്ദ്രത്തിന്റെ സർവ്വീസ് കണക്ഷന് വേണ്ടി കേരള സംസ്ഥാന വൈദ്യുതി ബോർഡ്, അസി.എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ നീലേശ്വരം 20.2.2021 തിയ്യതിയിൽ 18827/-രൂപയുടെ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. അതനുസരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നം.17/4.3.2021 തീരുമാനപ്രകാരം തുക ഇലക്ട്രിക്കൽ സെക്ഷൻ നീലേശ്വരത്തിൽ ഒടുക്കി.

2.വൗച്ചർ നം.82/03/20-21/23.3.2021 – 16789/-രൂപ

ചെക്ക് നം.247745/23.3.2021

ഫയൽ നം.ഇ-1- 9156/16

നീലേശ്വരം നഗരസഭയിലെ അഴിത്തല കംഫർട്ട് സ്റ്റേഷന്റെ സർവ്വീസ് കണക്ഷന് വേണ്ടി കേരള സംസ്ഥാന വൈദ്യുതി ബോർഡ്, അസി.എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ പടന്നക്കാട് 16.2.2021 തിയ്യതിയിൽ 16789/-രൂപയുടെ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. അതനുസരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നം.17/4.3.2021 തീരുമാനപ്രകാരം തുക ഇലക്ട്രിക്കൽ സെക്ഷൻ പടന്നക്കാടിൽ ഒടുക്കി.

ഈ 2 പ്രവർത്തികൾ പൂർത്തീകരിച്ചതിന്റെ വിശദവിവരങ്ങൾ/വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.08/09.03.2022 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് 15.3.2022ന് മറുപടി നൽകിയിട്ടുണ്ട്. കത്ത് നം.ഇ-1/9156/16/തിയ്യതി-10.3.22 പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡ്, അസി.എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ

നീലേശ്വരം, പടന്നക്കാട് എന്നിവർക്ക് വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട് എന്നും ലഭ്യമാവുന്ന മുറക്ക് ഹാജരാക്കുന്നതാണ് എന്നാണ് മറുപടി നൽകിയത്. അതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ആകെ 35616/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-24 നഗരസഭയുടെ വിവിധ സ്ഥലങ്ങളിൽ അപകടാവസ്ഥയിലായ മരങ്ങൾ മുറിച്ച് മാറ്റിയത്-ലേലം ചെയ്തിട്ടില്ല

1.വൗച്ചർ നം.76/08/20-21/27.8.2020 – 75000/-രൂപ

ചെക്ക് നം.032429/27.8.2020

2.വൗച്ചർ നം.57/11/2020-21/11.11.2020 – 25170/-രൂപ

ചെക്ക് നം.127921/11.11.2020

ഫയൽ നം.എച്ച്-1-4407/19

നഗരസഭയിലെ താഴെപ്പറയുന്ന സ്ഥലങ്ങളിലെ അപകടാവസ്ഥയിലായ മരങ്ങൾ മുറിച്ച് നീക്കുന്നതിന് മേൽ വൗച്ചറുകൾ പ്രകാരം ആകെ 100170/-രൂപ ചെലവഴിച്ചിട്ടുണ്ട്. 75000/-രൂപ മുൻകൂർ ആയും ബാക്കി 25170/-രൂപ തുക ചെലവഴിച്ചതിന് ശേഷം വൗച്ചറുകൾ സമർപ്പിച്ചത് പ്രകാരവുമാണ് നൽകിയത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | സ്ഥലം | മുറിച്ച മരം(ഇനം) |
|---|---|---|---|
| 1 | XX | കരുവാച്ചേരി മസ്ജിദ് റോഡ് | പ്ലാവ് മരം |
| 2 | XIX | കരുവാച്ചേരി തൊട്ടുമ്പുറം റോഡ് | വാകമരം |
| 3 | XIX | കരുവാച്ചേരി കോട്ടപ്പുറം റോഡ് | വാകമരം |
| 4 | XXXII | NH മാർക്കറ്റ് ഓട്ടോസ്റ്റാന്റ് | ആൽമരം |
| 5 | IV | ചിറപ്പുറം റോഡ് | 2 വാകമരം |
| 6 | II | തളിയിൽ അമ്പലം റോഡ് | ആൽമരം |
| 7 | VIII | താലൂക്ക് ആശുപത്രി പുതിയ ബ്ലോക്കിന് പിറകിൽ | 1മഴമരം, 2തേക്ക് മരം,1കുറുക്കുട്ടി മരം |
| 8 | V | ചിറപ്പുറം പ്ലാന്റിനകത്ത് | 1മാഞ്ചിയം,1 അക്കേഷ്യ,1കുറുക്കുട്ടി മരം |
| 9 | I | മൂലപ്പള്ളി സ്കൂൾ കെട്ടിടത്തിന് സമീപം | വാകമരം |

മുറിച്ച് മാറ്റിയ മരങ്ങൾ കഷണങ്ങളാക്കി സ്റ്റോക്ക് ചെയ്യേണ്ടതാണ്. അതിന് ശേഷം സോഷ്യൽ ഫോറസ്ട്രി വകുപ്പിന് വാല്യുവേഷൻ നടത്തുന്നതിന് കത്ത് എഴുതണം. വാല്യുവേഷൻ ലഭിച്ച് കഴിഞ്ഞാൽ

ലേലം നടത്തി വില്പന നടത്തേണ്ടതാണ്. ആകെ 15 വിവിധ തരം മരങ്ങൾ മുറിച്ച് മാറ്റിയിട്ടുണ്ട്. വാല്യൂവേഷൻ നടത്തി ലേലം ചെയ്തതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.07/09.03.2022 പ്രകാരം ലേലവിവരങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് 10.3.2022ന് മറുപടി നൽകിയിട്ടുണ്ട്.

മറുപടി ഇപ്രകാരമാണ് മേൽ പട്ടികയിലെ ക്രമ നം.(1) പ്രകാരമുള്ള മരം വാല്യൂവേഷൻ നടത്തി ലേലം ചെയ്തിട്ടുണ്ട്, ഫയലിലിൽ ആധാരമായ രേഖകൾ ഉണ്ട്. ക്രമ നം.(2) വാല്യൂവേഷൻ ലഭ്യമായിട്ടില്ല, ക്രമ നം.(3) 6815/-രൂപ വാല്യൂവേഷൻ നൽകിയത് പ്രകാരം ലേലം നടത്തി, പക്ഷെ ആരും ലേലം കൊണ്ടില്ല അതിനാൽ പുനർലേലം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ക്രമ നം.(4) മുതൽ (9) വരെയുള്ളവ വാല്യൂവേഷൻ നടത്തി ലേലം ചെയ്യേണ്ടതില്ല എന്ന് അസി.ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ കാസറഗോഡ് അറിയിച്ചിട്ടുണ്ട്.

ക്രമ നം.(2), (3) എന്നിവ പ്രകാരമുള്ളത് എത്രയും പെട്ടെന്ന് ലേലം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്. ക്രമ നം.(4) മുതൽ (9) വരെയുള്ളവ വാല്യൂവേഷൻ നടത്തി ലേലം ചെയ്യേണ്ടതില്ല എന്ന് അസി.ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ കാസറഗോഡ് അറിയിച്ച കത്ത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല, ഹാജരാക്കേണ്ടതാണ്. ഈ അപാകതകൾ പരിഹരിക്കുന്നതുവരെ ചെലവ് തുക 100170/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-25 തെരുവ് വിളക്ക് പരിപാലനം വാർഷിക പരിപാലന കോൺട്രാക്ട് പദ്ധതി - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.258/21

അടങ്കൽ - 16,50,000/-രൂപ - ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്

ചെലവ് - 16,49,733/-രൂപ

നഗരസഭയിലെ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യാനുള്ള വാർഷിക പരിപാലന കോൺട്രാക്ട് നൽകുന്നതിനാണ് ഈ പദ്ധതി. കുടുംബശ്രീക്ക് കീഴിലുള്ള ഗ്രാമകിരണം എൽ.ഇ.ഡി പരിപാലന യൂണിറ്റ് പിലിക്കോട് എന്ന സ്ഥാപനത്തിനാണ് പദ്ധതി പ്രകാരം വാർഷിക പരിപാലന കോൺട്രാക്ട് നൽകിയത്. റിപ്പയർ പ്രവർത്തി നടത്തിയതിന്റെ പോസ്റ്റ് നമ്പർ സഹിതമുള്ള പട്ടിക, വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം, ചെലവായ തുകയുടെ ഇൻവോയ്സ് എന്നിവ എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തിയാണ് തുക നൽകുന്നത്. താഴെപ്പറയും പ്രകാരം ആകെ 16,49,733/-രൂപ 4 ഘട്ടങ്ങളിലായി ഗ്രാമകിരണം എൽ.ഇ.ഡി പരിപാലന യൂണിറ്റ് പിലിക്കോടിന് നൽകിയിട്ടുണ്ട്. അക്കൗണ്ട് നം.42382250002344/സിൻഡിക്കേറ്റ് ബാങ്ക്.

1.ബിൽ നം.12/20-21/20.5.2020 - 422235/-രൂപ

2.ബിൽ നം.14/20-21/2.6.2020 - 461356/-രൂപ

3.ബിൽ നം.38/20-21/27.1.2021 - 549454/-രൂപ

4.ബിൽ നം.47/20-21/2.3.2021 - 216688/-രൂപ

ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകത ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ച ക്രമ നം.(1),(2) പ്രകാരമുള്ള 2 ബില്ലുകൾ വഴി ആകെ 883591/-രൂപ നൽകിയിരിക്കുന്നതിൽ നിന്നും ആദായനികുതി ഇനത്തിൽ 1% തുക മാത്രമാണ് കിഴിവ് നടത്തിയത്. വിശദവിവരം താഴെ ചേർക്കുന്നു.

1.ബിൽ നം.12/20-21/20.5.2020 - 422235/-രൂപ

കിഴിവ് നടത്തിയത് - ആദായനികുതി 1% - 4222/-രൂപ

കിഴിവ് നടത്തേണ്ടത് - ആദായനികുതി 2% - 8445/-രൂപ

കുറവ് - 4223/-രൂപ

2.ബിൽ നം.14/20-21/2.6.2020 - 461356/-രൂപ

കിഴിവ് നടത്തിയത് - ആദായനികുതി 1% - 4614/-രൂപ

കിഴിവ് നടത്തേണ്ടത് - ആദായനികുതി 2% - 9227/-രൂപ

കുറവ് - 4613/-രൂപ

ആകെ 8836/-രൂപ ആദായനികുതി ഇനത്തിൽ കിഴിവ് നടത്തിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.10/10.03.2022 ന് മറുപടി നൽകിയിരിരിക്കുന്നത് ഇപ്രകാരമാണ്. ഗ്രാമകിരണവുമായി ബന്ധപ്പെട്ട് എത്രയും പെട്ടെന്ന് 8836/-രൂപ ആദായനികുതി ഇനത്തിൽ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. നടപടി സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 കോട്ടപ്പുറം CHMKSGVHSS ഗ്രൗണ്ടിലെ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.440/21

അടങ്കൽ - 7,00,001/-രൂപ - ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്

ചെലവ് - 6,99,803/-രൂപ

ബിൽ നം.43/20-21/24.2.21 – 6,99,803/-രൂപ

നഗരസഭയ്ക്ക് കീഴിലുള്ള കോട്ടപ്പുറം CHMKSGVHSS ഗ്രൗണ്ടിലെ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. ആദ്യം ഈ പ്രവർത്തിക്ക് വേണ്ടി അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് നീലേശ്വരം സെക്ഷൻ 6,30,000/-രൂപ ഒടുക്കണമെന്ന് കത്ത് നം.DB-17/2019-20/81/തിയ്യതി-29.8.2019 പ്രകാരം ആവശ്യപ്പെട്ടിരുന്നു. പിന്നീട് കത്ത് നം.DB1/AE/ES/NLR /2020-21/തിയ്യതി-7.1.2021 പ്രകാരം പദ്ധതിക്ക് വേണ്ടി 6,99,803/-രൂപ ഒടുക്കണമെന്ന് ആവശ്യപ്പെട്ടു. ഭരണസമിതി തീരുമാനം നം.01/18.1.2021 പ്രകാരം ഇത് അംഗീകരിക്കുകയും തുക വൈദ്യുതി ബോർഡ് നീലേശ്വരം സെക്ഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തു. അക്കൗണ്ട് നം.67063536393/SBI. 23.3.2021 ലെ കത്ത് നം.ജി-3/440/21 പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്ത വിവരം വൈദ്യുതി ബോർഡ് നീലേശ്വരം സെക്ഷനെ അറിയിച്ചു. ഈ പ്രവർത്തിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1.അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, നീലേശ്വരം സെക്ഷൻ പ്രവർത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആദ്യം 6,30,000/-രൂപ ഒടുക്കാനാണ് വൈദ്യുതി ബോർഡ് ആവശ്യപ്പെട്ടത്. എസ്റ്റിമേറ്റ് തുക പിന്നീട് 6,99,803/-രൂപയായി ഉയർന്നു. അതിന് കാരണം എന്താണെന്ന് വിശദീകരിച്ചിട്ടില്ല.

2.ഈ പ്രവർത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.11/10.03.2022 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് 15.3.22ന് മറുപടി നൽകിയിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ എത്രയും പെട്ടെന്ന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, നീലേശ്വരം സെക്ഷന് കത്ത് നൽകിയിട്ടുണ്ട് എന്നാണ് മറുപടി നൽകിയിരിക്കുന്നത്. അതിനാൽ ഈ രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 6,99,803/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-27 തൈക്കടപ്പുറം പി.എച്ച്.സിക്ക് ആർദ്രം പദ്ധതിയിൽ കെട്ടിടനിർമ്മാണം -നഗരസഭാ വിഹിതം നൽകുന്നത്.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.401/21

അടങ്കൽ - 25,00,000/-രൂപ - ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്

ചെലവ് - 25,00,000/-രൂപ

ബിൽ നം.36/20-21/30.12.2020 – 25,00,000/-രൂപ

നഗരസഭയ്ക്ക് കീഴിലുള്ള തൈക്കടപ്പുറം പി.എച്ച്.സിക്ക് ആർദ്രം പദ്ധതിയിൽ കെട്ടിടനിർമ്മാണത്തിന് നഗരസഭാ വിഹിതം നൽകുന്നതിനാണ് ഈ പദ്ധതി. സ്പെഷ്യൽ ഓഫീസർ&ഗവ.അഡീഷണൽ സെക്രട്ടറി, കാസറഗോഡ് വികസന പാക്കേജ് കത്ത് നം.1356/2019/കെ.ഡി.പി /കെ.എസ്.ഡി(ആരോഗ്യം)/തിയ്യതി-17.8.2020 പ്രകാരം ഈ പദ്ധതിക്ക് 130 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചുവെന്നും നഗരസഭാ വിഹിതം 25ലക്ഷം രൂപയാണെന്നും അറിയിച്ചിട്ടുണ്ട്. ബഹു. ജില്ലാ കളക്ടർ കത്ത് നം.601/2020/കെഎസ്ഡി/കെഡിപി/തിയ്യതി-26.8.2020 പ്രകാരം നഗരസഭാ വിഹിതമായ 25 ലക്ഷം രൂപ എക്സി.എഞ്ചിനീയർ, പൊതുമരാമത്ത് ബിൽഡിംഗ് ഡിവിഷൻ കാസറഗോഡിന്റെ ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ടു. ഇത് പ്രകാരം 25 ലക്ഷം രൂപ 8443-00-108-00-00-PW-Deposit എന്ന ഹെഡിലേക്ക് ഡെപ്പോസിറ്റ് ചെയ്തു.

ഈ പ്രവർത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തതിന്റെ വിവരങ്ങൾ, നഗരസഭാ വിഹിതത്തിന്റെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.09/10.03.2022 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് 15.3.22 ന് മറുപടി നൽകിയിട്ടുണ്ട്. പ്രവർത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തതിന്റെ വിവരങ്ങൾ, നഗരസഭാ വിഹിതത്തിന്റെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് പൊതുമരാമത്ത് ബിൽഡിംഗ് ഡിവിഷന് കത്ത് നൽകിയിട്ടുണ്ട് എന്നാണ് മറുപടി നൽകിയിട്ടുള്ളത്, അതിനാൽ ഇവ ലഭ്യമാകുന്നത് വരെ ചെലവ് തുക 25,00,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-28 അങ്കൺവാടി പോഷകാഹാരം - ഗുണനിലവാരപരിശോധന സംബന്ധിച്ച്

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

നീലേശ്വരം നഗരസഭയിലെ അങ്കൺവാടി പോഷകാഹാര വിതരണ പദ്ധതികൾക്കായി ഐ.സി.ഡി.എസ് സൂപ്പർവൈസർ 2020-21 സാമ്പത്തിക വർഷം ആകെ 42,18,590/-രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം വിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 20/21 | അംഗൺവാടി പോഷകാഹാരം | 35,50,000/- (വികസന ഫണ്ട് – ജനറൽ), 10,00,000/- (കേന്ദ്രാവിഷ്കൃത ഫണ്ട്) | 32,18,590/- 10,00,000/- |
| ആകെ | | | 42,18,590/- |

മേൽ ചെലവു തുകയിൽ 26,60,624/-രൂപ കീർത്തി അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ്, ഓർച്ച,

തൈക്കടപ്പുറത്തിൽ നിന്നും ന്യൂട്രിമിക്സ് വാങ്ങിക്കുന്നതിനാണ് ചെലവഴിച്ചിരിക്കുന്നത്.

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി (ടി.എച്ച്.ആർ.എസ്) പ്രകാരം കേരള സർക്കാരിന്റെ കീഴിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ സഹായത്തോടെ ആറ് മാസം മുതൽ മൂന്ന് വയസുവരെയുള്ള കുട്ടികൾക്ക് അംഗൻവാടികൾ വഴി വിതരണം ചെയ്യുന്ന പോഷകാഹാരമാണ് അമൃതം ന്യൂട്രിമിക്സ്. കുടുംബശ്രീയുടെ വിദഗ്ധ പരിശീനം നേടിയ അമൃതം ഫുഡ് സപ്ളിമെന്റ് യൂണിറ്റുകളാണ് ഈ പോഷകാഹാരം തയ്യാറാക്കുന്നത്. 22.09.2014 -ലെ സ.ഉ (സാധാ) നം. 587/2014/സാ.നീ.വ പ്രകാരം കുടുംബശ്രീ ന്യൂട്രിമിക്സ് നിർമ്മാണ യൂണിറ്റുകൾ ഉൽപ്പാദിപ്പിച്ച് അംഗൻവാടികളിൽ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സിന്റെ നിർമ്മാണം സംബന്ധിച്ച് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ അംഗീകരിച്ചിട്ടുണ്ട്. അതിൽ, ലാബ് ടെസ്റ്റ് നടത്തി ഗുണമേൻമ ഉറപ്പ് വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സംയോജിത ശിശു വികസന സേവന പദ്ധതിയുടെ ഭാഗമായി അംഗൻവാടികൾ ഓരോ രണ്ടുമാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും ലാബ് ടെസ്റ്റുകളുടെ പരിശോധനാ ഫലം തൃപ്തികരമാണെങ്കിൽ മാത്രം ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് വിതരണം ചെയ്താൽ മതിയെന്നും സാമൂഹ്യക്ഷേമ ഡയറക്ടറുടെ 5/06/2010, 01/02/2010 എന്നീ തിയ്യതികളിലെ ഐ സി ഡി എസ്. ബി3-312/2010, കത്തുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്.

നീലേശ്വരം നഗരസഭയിലെ അങ്കൺവാടികളിൽ 2020-21 വർഷത്തിൽ വിതരണം ചെയ്ത ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.17/15.03.2022 പ്രകാരം ഇക്കാര്യം അറിയിച്ചതിന് 16.3.22 ന് മറുപടി നൽകിയിട്ടുണ്ട്. കത്ത് നം.ICDS/NLR/129/2021/തിയ്യതി-25.2.2021 പ്രകാരം റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബിലേക്ക് സാമ്പിൾ പരിശോധനക്ക് അയച്ചിട്ടുണ്ട്, റിപ്പോർട്ട് ലഭ്യമായിട്ടില്ല എന്നാണ് മറുപടി നൽകിയിരിക്കുന്നത്. പരിശോധനാ ഫലം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ഭാവിയിൽ സർക്കാർ ഉത്തരവ് അനുസരിച്ച് കൃത്യമായ ഇടവേളകളിൽ ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

## 1-29 നഗരസഭ പെൻഷൻ ഫണ്ട് അവലോകനം

1996 ലെ കേരളാ മുനിസിപ്പൽ (ജീവനക്കാരുടെ ഡെത്ത് -കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(2), 8, 10 എന്നിവ പ്രകാരം നഗരസഭയിലെ റഗുലർ ജീവനക്കാരുടെയും, 1996 ലെ കേരളാ മുനിസിപ്പൽ (കണ്ടിൻജന്റ് ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം നഗരസഭയിലെ കണ്ടിൻജന്റ് ജീവനക്കാരുടെയും 2020-21 വർഷത്തെ പെൻഷൻ വിഹിതത്തിന്റെ ഒടുക്ക്, പെൻഷൻ വിതരണത്തിനായി സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിച്ച തുക അവയുടെ വിനിയോഗം, പെൻഷൻ വിതരണം എന്നിവ പരിശോധിച്ചു.

A)നഗരസഭാ റഗുലർ ജീവനക്കാരുടെ പെൻഷൻഫണ്ട്.

1996 ലെ കേരളാ മുനിസിപ്പൽ (ജീവനക്കാരുടെ ഡെത്ത് -കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി സെക്രട്ടറി സർക്കാർ ട്രഷറിയിലോ ദേശസാൽകൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു സേവിംഗ് ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും, പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് നഗരകാര്യ ഡയറക്ടർ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നൽകുന്ന തുക ഈ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്. എന്നാൽ നീലേശ്വരം നഗരസഭയിൽ റഗുലർ ജീവനക്കാരുടെ പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി ഇത്തരത്തിലുള്ള മുനിസിപ്പൽ പെൻഷൻ ഫണ്ട് ഇല്ല. നിലവിൽ നഗരസഭയുടെ തനത് ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നീലേശ്വരം ശാഖയിലുള്ള അക്കൗണ്ടിൽ (നം.67182813170) നിന്നാണ് പെൻഷൻ സംബന്ധിച്ച ഇടപാടുകൾ

നടത്തുന്നത്. നഗരസഭയിൽ റഗുലർ ജീവനക്കരുടെ പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി മുനിസിപ്പൽ പെൻഷൻ ഫണ്ട് ആരംഭിക്കാത്തത് ചട്ടവിരുദ്ധമാണ്. പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി പ്രത്യേക അക്കൗണ്ട് തുടങ്ങേണ്ടതാണ്.

2020-21 സാമ്പത്തിക വർഷം സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് 1,03,019/-രൂപ ലഭിച്ചിട്ടുണ്ട്. തൻവർഷം നഗരസഭയിൽ നിന്നും 3 പേരാണ് പെൻഷൻ കൈപ്പറ്റുന്നത്.

1.ശ്രീ.ശശി.കെ.വി (സീനിയർ ക്ലാർക്ക്)

2.ശ്രീ.ബാബു.പി.എം. (സൂപ്രണ്ട്)

3.ബാലകൃഷ്ണൻ.ബി (സീനിയർ ക്ലാർക്ക്)

ഇവർക്ക് പെൻഷൻ നൽകുന്നതിന് തൻവർഷം 15,48,657/- രൂപ ചെലവഴിച്ചിട്ടുണ്ട്.

1996 ലെ കേരളാ മുനിസിപ്പൽ (ജീവനക്കാരുടെ ഡെത്ത് -കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം നഗരസഭയിലെ റഗുലർ ജീവനക്കാരുടെ പ്രതിമാസ മൊത്ത വേതനത്തിന്റെ 15% തുക പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്, കൂടാതെ ചട്ടം 8 പ്രകാരം പെൻഷൻ വിഹിതം അതേ മാസത്തെ ശമ്പള ബില്ലിനോടൊപ്പം പിൻവലിച്ച് 25-ാം തീയതിക്ക് മുൻപായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്. നിലവിൽ നഗരസഭയിലെ 24 റഗുലർ ജീവനക്കാർ പെൻഷൻ വിഹിതം ഒടുക്കുന്നുണ്ട്. തൻ വർഷം 10,72,243/-രൂപ പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. ജീവനക്കാരിൽ നിന്നും ഈടാക്കുന്ന പെൻഷൻ വിഹിതം ചട്ടം പ്രകാരമുള്ള സമയപരിധിക്കകം സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്നുണ്ട്. ഇതു കൂടാതെ 11 ജീവനക്കാർ എൻ.പി.എസ് പെൻഷൻ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നുണ്ട്. ഇവരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും കോൺട്രിബ്യൂഷൻ തുക കുറവ് ചെയ്ത് നഗരസഭാ വിഹിതവും ചേർത്ത് ഒടുക്കുന്നുണ്ട്.

B)നഗരസഭാ കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷൻഫണ്ട്.

1996 ലെ കേരളാ മുനിസിപ്പൽ (കണ്ടിൻജന്റ് ജീവനക്കാരുടെ ഡെത്ത് -കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(1) പ്രകാരം നഗരസഭയിലെ കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷൻ വിതരണത്തിന് നീലേശ്വരം നഗരസഭ പ്രത്യേക അക്കൗണ്ട് തുടങ്ങിയിട്ടില്ല. ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരുടെയും അതാത് മാസത്തെ മൊത്തവേതനത്തിന്റെ 15% തുക പെൻഷൻ വിഹിതമായി പിരിച്ച് ഈ ഫണ്ടിൽ ഒടുക്കേണ്ടതാണ്. നിലവിൽ ഈ വിഹിതം പിരിക്കുന്നില്ല എന്നാണ് നഗരസഭ അറിയിച്ചത്. ഇത് ചട്ടപ്രകാരം തെറ്റായ നടപടിയാണ്. കണ്ടിൻജന്റ് പെൻഷൻ ഫണ്ടിലേക്ക് വിഹിതം നൽകേണ്ട 7 ജീവനക്കാർ നിലവിൽ നഗരസഭയിൽ ജോലിചെയ്യുന്നുണ്ട്. ഇതു കൂടാതെ ഒരു ജീവനക്കാരൻ എൻ.പി.എസ് പെൻഷൻ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നുണ്ടെങ്കിലും അദ്ദേഹത്തിന് പ്രാൺ നമ്പർ ലഭ്യമാക്കിയിട്ടില്ല. 09.01.2015ന് നീലേശ്വരം നഗരസഭയിൽ സാനിറ്റേഷൽ വർക്കർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ഇദ്ദേഹത്തിന്റെ പ്രതിമാസ ശമ്പളത്തിൽ നിന്നും കോൺട്രിബ്യൂഷൻ തുക കുറവ് ചെയ്ത് നഗരസഭയുടെ തനത് ഫണ്ടിൽ സൂക്ഷിക്കുകയാണ് ചെയ്തുവരുന്നത്. നിലവിൽ ആരുംതന്നെ നഗരസഭയിൽ നിന്നും കണ്ടിജന്റ് പെൻഷൻ കൈപ്പറ്റുന്നില്ല. എത്രയും പെട്ടെന്ന് കണ്ടിൻജന്റ് പെൻഷൻ വിതരണത്തിനായി പ്രത്യേക അക്കൗണ്ട് തുടങ്ങി ചട്ട പ്രകാരമുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുക എല്ലാ മാസവും പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്, ശ്രീ. മെബിൻ. എ.പി, സാനിറ്റേഷൽ വർക്കർക്ക് എത്രയും വേഗത്തിൽ പ്രാൺ നമ്പർ ലഭ്യമാക്കി എൻ.പി.എസ് പെൻഷൻ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

1-30 പി.എം.എ.വൈ ഭവന പദ്ധതി - അവലോകനം

സ്വന്തമായി സ്ഥലമുള്ള വാസയോഗ്യമായ ഭവനം ഇല്ലാത്ത എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് സംസ്ഥാന സർക്കാരിന്റെയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾ നീലേശ്വരം നഗരസഭയിൽ 2016-17 വർഷം പൂർത്തീകരിക്കുകയും 153 ഗുണഭോക്താക്കൾ ഉൾപ്പെടുന്ന

ആദ്യഘട്ട ഡി.പി.ആറിന് ബന്ധപ്പെട്ട സംസ്ഥാനതല സമിതികൾ 2017 ഫെബ്രുവരി മാസം അംഗീകാരം നല്കുകയും ചെയ്യുകയുണ്ടായി. തുടർന്ന് പദ്ധതിയ്ക്കായി കൂടുതൽ ഗുണഭോക്താക്കൾ അപേക്ഷിച്ചതിനാൽ 298 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി രണ്ടാം ഘട്ട ഡി.പി.ആറും,153 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി മൂന്നാം ഘട്ട ഡി.പി.ആറും,82 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി നാലാം ഘട്ട ഡി.പി.ആറും,64 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി അഞ്ചാം ഘട്ട ഡി.പി.ആറും തയ്യാറാക്കി അംഗീകാരം വാങ്ങുകയും ചെയ്തു. പദ്ധതി പ്രകാരം ഗുണഭോക്താക്കൾ കരാറുടമ്പടി ഒപ്പുവെച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത് 2017-18 സാമ്പത്തിക വർഷമാണ്. ആദ്യ ഘട്ടത്തിൽ പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് മൂന്ന് ലക്ഷം രൂപയായിരുന്നു (1,50,000രൂപ കേന്ദ്ര വിഹിതം, 50,000 രൂപ വീതം സംസ്ഥാന സർക്കാർ വിഹിതം,തദ്ദേശസ്വയംഭരണ സ്ഥാപനം വിഹിതം, ഗുണഭോക്തൃവിഹിതം). പദ്ധതിപ്രകാരമുള്ള ഭവനങ്ങളുടെ യൂണിറ്റ് കോസ്റ്റ് ലൈഫ് പദ്ധതി ഭവനങ്ങളുടെ യൂണിറ്റ് നിരക്കുമായി ഏകീകരിച്ച് നാലു ലക്ഷം രൂപയാക്കി സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്(ജി.ഒ.(എം.എസ്.)നം.29/2018 L.S.G.D. തി.28.02.2018). എന്നാൽ ഇതു പ്രകാരമുള്ള അധിക നിരക്ക് ഇതുവരെയും ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടില്ല. തദ്ദേശസ്വയം ഭരണ സ്ഥാപന വിഹിതം, ഗുണഭോക്തൃ വിഹിതം,കേന്ദ്ര-സംസ്ഥാന വിഹിതം,ബാങ്ക് പലിശ എന്നീയിനങ്ങളിൽ 31.03.2021 വരെ 20,62,13,712/-രൂപ പദ്ധതിയ്ക്കായി ലഭ്യമായിട്ടുണ്ട് . ഇതിൽ 20,60,20,000/-രൂപ 31.03.2021 വരെ പദ്ധതിയ്ക്കായി വിനിയോഗിച്ചിട്ടുണ്ട്.

31.03.2021 വരെ ഉള്ള പദ്ധതി പുരോഗതി സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | ഇനം | വിശദാംശങ്ങൾ (31-03-2021) |
|---|---|---|
| 1 | ആകെ DPR | 5 |
| 2 | ആകെ ഗുണഭോക്താക്കൾ (അഞ്ച് DPR പ്രകാരം) | 750 |
| 3 | അർഹതപ്പെട്ട ഗുണഭോക്താക്കൾ (പരിശോധനയ്ക്ക് ശേഷം) | 595 |
| 4 | കെട്ടിട നർമ്മാണ പെർമിറ്റ് ലഭിച്ചവർ | 572 |
| 5 | എഗ്രിമെന്റ് ഒപ്പുവെച്ചവർ | 572 |
| 6 | നിർമ്മാണം ആരംഭിച്ചവർ | 559 |
| 7 | നിർമ്മാണം പൂർത്തിയാക്കിയവർ | 448 |
| 8 | ആകെ ലഭ്യമായ തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം | 240 ലക്ഷം |
| 9 | ആകെ ലഭ്യമായ കേന്ദ്ര-സംസ്ഥാന വിഹിതം | 970.4 ലക്ഷം |
| 10 | ആകെ ലഭ്യമായ ബാങ്ക് പലിശ | 12.60449ലക്ഷം |
| 11 | ഹഡ്കോ ലോൺ | 874 ലക്ഷം |
| 12 | ജിയോ ടാഗിംഗ് പൂർത്തീകരിച്ചത് | 595 |

| | | |
|---|---|---|
| 13 | ആകെ വരവ് | 2097.0049ലക്ഷം |
| 14 | ആകെ ചെലവ് | 2096.8ലക്ഷം |
| 15 | എഗ്രിമെന്റ് വെയ്ക്കുവാൻ അവശേഷിക്കുന്നവർ | 23 |

പദ്ധതിയ്ക്കായി ലഭ്യമാവേണ്ട കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ ലഭ്യമാക്കുവാനും, ഇതിനനുസൃതമായ തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം ഉൾപ്പെടുത്തി പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-31 ഒരേ റോഡ് പ്രവൃത്തി മുറിച്ച് മുറിച്ച് വ്യത്യസ്ഥ പ്രൊജക്ടുകളായി നിർവ്വഹണം നടത്തുന്നു.

2020-2021 വർഷത്തിൽ നഗരസഭയിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ എ.പി റോഡ് റീ ടാറിംഗ് പ്രവൃത്തി രണ്ട് പ്രൊജക്ടുകളായാണ് നടപ്പാക്കിയത്. റോഡിന്റെ 303 മീറ്റർ റീ ടാറിംഗ് പ്രവൃത്തി ചെയ്തത് പ്രൊജക്ട് നം 141/21 പ്രകാരവും ശേഷിക്കുന്ന 216 മീറ്റർ റീ ടാറിംഗ് പ്രവൃത്തി പ്രൊജക്ട് നം 364/21 പ്രകാരവുമാണ്. രണ്ട് പ്രവൃത്തികളുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ. | എ പി റോഡ് റീ ടാറിംഗ് ( പ്രൊജക്ട് നമ്പർ. 141/21) | എ പി റോഡ് റീ ടാറിംഗ് അവസാനഭാഗം ( പ്രൊജക്ട് നമ്പർ. 364/21) |
|---|---|---|
| അടങ്കൽ, ഫണ്ട്. | 4ലക്ഷം രൂപ (മെയിന്റനൻസ് ഫണ്ട്-റോഡ് ) | 3ലക്ഷം രൂപ (മെയിന്റനൻസ് ഫണ്ട്-റോഡ് ) |
| എസ്റ്റിമേറ്റ്. | 4 ലക്ഷം, EST NO: 2020/87821 | 3ലക്ഷം, EST NO: 2020/112616 |
| ചെയിനേജ് | 0/325 Km മുതൽ 0/628 Km വരെ | 0/628 Km മുതൽ 0/844 Km വരെ |
| കരാറുകാരന്റെ പേര് | എ.കെ. വിനോദ് | എ.കെ. വിനോദ് |
| പ്രവൃത്തിയ്ക്കായി ചെലവഴിച്ച തുക | ₹ 3,34,131/- (BRN No 20200347000701437609/30.03.2021) | ₹ 2,48,118/- (BRN No 20200347000701437643/30.03.2021) |

തീരെ ചെറിയ നീളത്തിലുള്ള ഒരു പ്രവൃത്തിക്കുവേണ്ട നടപടിക്രമങ്ങൾ മറ്റ് പ്രവൃത്തികൾക്ക് തുല്യമാണ്. ഇപ്രകാരം ചെറിയ നീളത്തിൽ റോഡ് പ്രവൃത്തി ചെയ്യുന്നതുകൊണ്ട് പൊതുജനങ്ങൾക്ക് കാര്യമായ പ്രയോജനം ലഭിക്കുന്നില്ല. വളരെ ചെറിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാൻ കരാറുകാർക്കും പ്രയാസമാണ്. ഇങ്ങനെയുള്ള പ്രവൃത്തികൾക്ക് മത്സരാധിഷ്ഠാനത്തിലുള്ള ടെണ്ടറും ഉണ്ടാകുന്നില്ല. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി പദ്ധതികളുടെ ആവശ്യകത നിർണ്ണയിച്ച് മുൻഗണനാ ക്രമത്തിൽ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

വാർഡ് അടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന പ്രവണ ഒഴിവാക്കി നഗരസഭയെമൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും സുപ്രധാന പങ്ക് വഹിക്കാൻ കഴിയുന്ന വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഇക്കാര്യത്തിലാവശ്യണാണ്.

1-32 ചെമ്മാക്കര കുടിവെള്ള പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുക -പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല-കരാറുടമ്പടി ഒപ്പുവെച്ചിട്ടില്ല-തുക തടസപ്പെടുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

| | |
|---|---|
| പദ്ധതിയുടെ പേര്, പ്രൊജക്റ്റ് നം | ചെമ്മാക്കര കുടിവെള്ള പദ്ധതി (കെ ഡബ്ല്യു എ ഡെപ്പോസിറ്റ്) അധിക വിഹിതം നൽകൽ (പ്രൊജക്റ്റ് നം എസ്.ഒ 33/21) |
| ബിൽ നം , തുക | BRN 20200347000700197290/25.05.2020<br>₹ 18,10,000/- |

ചെമ്മാക്കര കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾക്കായി 18.10 ലക്ഷം രൂപ നഗരസഭ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റിയയുമായി കരാർ വച്ചിട്ടില്ല. 13ാം പദ്ധതി മാർഗ്ഗ രേഖയിലെ ഖണ്ഡിക നം. 11.2(ഡി)(ii) [ ജി.ഒ (എം.എസ്) നം. 17/2018/തസ്വഭവ തീയതി 02.02.2018] ൽ ഒരു നിർമ്മാണ പ്രവൃത്തിക്ക് തുക മുൻകൂർ നൽകണമെങ്കിൽ തദ്ദേശഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിലേർപ്പെട്ടതിനുശേഷം മാത്രമേ മുൻകൂർ നൽകാവൂ എന്ന് വ്യവസ്ഥചെയ്തിട്ടുണ്ട്. കൂടാതെ കേരള ജല അതോറിറ്റിയുടെ 28.01.2005 ലെ കെ.ഡബ്ല്യു.എ/ എച്ച്. ഒ /എഫ്.എം/ഡി.ഡബ്ല്യു/01 ഉത്തരവിൽ കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ നിക്ഷേപകരിൽ നിന്നും നിക്ഷേപം സ്വീകരിക്കാൻ പാടുള്ളൂ എന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ മേൽ ഉത്തരവുകൾ പ്രകാരമുള്ള കരാർ നടപടിക്രമങ്ങൾ പാലിക്കാതെയാണ് പദ്ധതിയ്ക്കായി ജല അതോറിറ്റിക്ക് തുക കൈമാറിയിട്ടുള്ളത്.

കൂടാതെ പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ച് കെ ഡബ്ല്യു എ-യിൽനിന്നും ലഭിച്ച വിനിയോഗ സാക്ഷ്യ പത്രം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെമ്മാക്കര കുടിവെള്ള പദ്ധതി പദ്ധതിക്കായി ചെലവഴിച്ച 18,10,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.27 തീ: 17.03.2022).

1-33 വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ പദ്ധതിക്കായി കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ച തുക -പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല-കരാറുടമ്പടി ഒപ്പുവെച്ചിട്ടില്ല-തുക തടസപ്പെടുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

2020-2021 വർഷത്തിൽ ചുവടെ പരാമർശിക്കുന്ന വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ പദ്ധതിക്കായി 5,20,111/-രൂപ കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ചി ട്ടുണ്ട്.

| ക്രമ നം | പദ്ധതിയുടെ പേര്, പ്രൊജക്റ്റ് നം | ബിൽ നം/തീയതി | തുക |
|---|---|---|---|
| 1 | നിടുങ്കണ്ട മുതൽ മീത്തലെക്കാവ് വരെ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (പ്രൊജക്റ്റ് നം എസ്.ഒ 237/21) | BRN 20200347000700159740/13.05.2020 | ₹ 3,27,710/- |

| | | | |
|---|---|---|---|
| 2 | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കല്- പടിഞ്ഞാറ്റംകൊഴുവൽ വെസ്റ്റ് (പ്രൊജക്ട് നം എസ്.ഒ 223/21) | BRN 20200347000700153289/11.04.2020 | ₹ 1,92,401/- |
| | | ആകെ | ₹ 5,20,111/- |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബിയുമായി കരാർ വച്ചിട്ടില്ല. 13ാം പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 11.2(ഡി)(ii) [ ജി.ഒ (എം.എസ്) നം. 17/2018/തസ്വഭവ തീയതി 02.02.2018] ൽ ഒരു നിർമ്മാണ പ്രവൃത്തിക്ക് തുക മുൻകൂർ നൽകണമെങ്കിൽ തദ്ദേശഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിലേർപ്പെട്ടതിനുശേഷം മാത്രമേ മുൻകൂർ നൽകാവൂ എന്ന് വ്യവസ്ഥചെയ്തിട്ടുണ്ട്.എന്നാൽ മേൽ ഉത്തരവ് പ്രകാരമുള്ള കരാർ നടപടിക്രമങ്ങൾ പാലിക്കാതെയാണ് പദ്ധതിയ്ക്കായി കെ.എസ്.ഇ.ബിയ്ക്ക് തുക കൈമാറിയിട്ടുള്ളത്.

കൂടാതെ പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ച് കെ കെ.എസ്.ഇ.ബി-യിൽനിന്നും ലഭിച്ച വിനിയോഗ സാക്ഷ്യ പത്രം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ നിടുങ്കണ്ട മുതൽ മീത്തലെക്കാവ് വരെ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ, സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ-പടിഞ്ഞാറ്റംകൊഴുവൽ വെസ്റ്റ് എന്നീ പദ്ധതികൾക്കായി ചെലവഴിച്ച 5,20,111/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.28 തീ: 17.03.2022).

1-34 ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ ലഭിച്ച തുക നഗരസഭാ ഫണ്ടിലേക്ക് അടക്കുന്നില്ല.

ഇ ടെണ്ടർ മുഖേ നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോമിന്റെ വില സ്വീകരിക്കുന്നതിനായി നിർവഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ, നീലേശ്വരം ശാഖയിൽ ഒരു അക്കൗണ്ട് (അക്കൗണ്ട് നം 67293236488) ആരംഭിച്ചിട്ടുണ്ട്. 06.02.2015 ന് ആരംഭിച്ച ഈ അക്കൗണ്ടിൽ ഇ ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ 05.03.2022 വരെ ലഭിച്ച 11,41,327/- രൂപയുണ്ട്. ടെണ്ടർ ഫോമിന്റെ വിലയായി ഈ അക്കൗണ്ടിൽ വരവുവന്ന തുക നഗരസഭയ്ക്ക് അക്കൗണ്ട് ആരംഭിച്ചതിനുശേഷം നാളിതുവരെ കൈമാറിയിട്ടില്ല. ഈ അക്കൗണ്ടിലുള്ള തുക നഗരസഭയ്ക്ക് കൈമാറേണ്ടതാണ്. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടത്തുമ്പോൾ ലഭിക്കുന്ന ടെണ്ടർ ഫോമിന്റെ വില യഥാസമയം നഗരസഭയ്ക്ക് കൈമാറേണ്ടതാണ്.

1-35 പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിനു ചുമത്തിയ പിഴ - തുക പിൻവലിച്ച് നഗരസഭയുടെ തനത് ഫണ്ടിൽ നിക്ഷേപിച്ചു.

നഗരസഭയിലെ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കിയ ചുവടെ പരാമർശിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിലുണ്ടായിട്ടുള്ള കാലതാമസത്തിന് കരാർ വ്യവസ്ഥകൾ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടുണ്ട്. കരാറുകാർക്ക് കരാർ വ്യവസ്ഥ പ്രകാരമുള്ള സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നില്ലെങ്കിൽ പ്രവൃത്തികളുടെ നിർവഹണത്തിലുള്ള കാലതാമസത്തിനുള്ള പിഴ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി പൂരകകരാർ ചമച്ച് നിർവഹണ കാലാവധി രേഖാമൂലം നീട്ടി നൽകേണ്ടതാണ്. ഇപ്രകാരം കരാറുകാരിൽ നിന്നും കാലതാമസത്തിനുള്ള പിഴയിനത്തിൽ ഈടാക്കുന്ന തുക നഗരസഭയുടെ തനതു ഫണ്ട് അക്കൗണ്ടിൽ ഒടുക്കുകയുമാണ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ് എന്നിവയിൽ നിന്നുമുള്ള പ്രവൃത്തികളുടെ ബിൽ തുകകൾ നൽകുമ്പോൾ പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിനു ചുമത്തിയ പിഴ തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിച്ച് നഗരസഭ സെക്രട്ടറിയുടെ പേരിൽ എസ്.ബി.ഐ നീലേശ്വരം ശാഖയിലുള്ള സേവിങ്ങ്സ് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 67182813170) നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. പ്രവൃത്തികളുടെ ബില്ലുകൾ

തീർപ്പാക്കുമ്പോൾ പിഴ തുകകൾ ക്രമീകരിക്കുന്ന സംഗതിയിൽ യഥാർത്ഥത്തിൽ പ്രവൃത്തിയുടെ മൂല്യത്തുകയിൽ നിന്നും പിഴയിനത്തിലുള്ള തുക കുറവ് ചെയ്ത് ബാക്കി തുക മാത്രമേ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിക്കേണ്ടതുള്ളൂ. അതിനു പകരം പിഴ തുക അടക്കമുള്ള തുക പിൻവലിച്ച് പിഴ തുക നഗരസഭയുടെ സേവിങ്ങ്സ് അക്കൗണ്ടിലേക്ക് മാറ്റുക വഴി സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും തുക പിൻവലിച്ച് നഗരസഭയുടെ വരുമാനം ആക്കി മാറ്റുന്നതിലേക്ക് വഴിവെച്ചു. 2020-2021 വർഷത്തിൽ 1,01,583/- രൂപ ഇപ്രകാരം വകമാറ്റിയിട്ടുണ്ട്. ഈ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20 തിയതി 16.03.2022) മറുപടി നൽകിയിട്ടില്ല.

| പ്രവൃത്തിയുടെ പേര്, പ്രൊജക്റ്റ് നമ്പർ. | കരാറുകാരന്റെ പേര് | എം.ബുക്ക്.നം | കരാറുകാരന് നൽകിയ തുക | ട്രഷറി ബിൽ നമ്പർ/തീയ്യതി | ഫണ്ട് | കാലതാമസത്തിനുള്ള പിഴയിനത്തിൽ ഈടാക്കിയ തുക |
|---|---|---|---|---|---|---|
| കാനക്കര എൻ.എച്ച് റോഡ് ബാക്കി ഭാഗം ടാറിംഗ് (പ്രൊ.നം.192/21) | എ.കെ. വിനോദ് | 58/18-19 | ₹1,48,705/- | 20200347000700153276 തി. 11.04.2020 (ബിൽ തുക ₹1,58,197/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹ 6,328/- |
| ഓർച്ച പുഴ മുതൽ തെക്ക് ഭാഗത്തേക്ക് പുതിയ റോഡ് നിർമ്മാണം (പ്രൊ.നം.194/21) | കെ.ചന്ദ്രൻ | 22/19-20 | ₹4,73,906/- | 20200347000700153280 തി. 11.04.2020 (ബിൽ തുക ₹4,98,848/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹ 4,988/- |
| രാമരം കൈവേലിക്കൽ ലിങ്ക് റോഡ് ടാറിംഗ് (പ്രൊ.നം.193/21) | എ.കെ. വിനോദ് | 15/19-20 | ₹2,62,193/- | 20200347000700153276 തി. 11.04.2020 (ബിൽ തുക ₹2,81,929/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹ 8,458/- |
| കിഴക്കേക്കര കടിഞ്ഞിക്കുഴി ശ്മശാനം റോഡ് ബാക്കി ഭാഗം ടാറിംഗ് (പ്രൊ.നം.191/21) | എ.കെ. വിനോദ് | 57/18-19 | ₹4,63,061/- | 20200347000700153285 തി. 11.04.2020 (ബിൽ തുക ₹4,97,917/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹ 14,938/- |
| ബീയംകൈ റോഡ് മുതൽ തോട്ടുംപുറം സ്ലൂയിസ് വരെ റോഡ് നിർമ്മാണം (പ്രൊ.നം.256/21) | രാജേഷ്.പി | 49/18-19 | ₹2,92,590/- | 20200347000700437063 തി. 18.08.2020 (ബിൽ തുക ₹3,18,034/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹ 12,721/- |
| ചിറപ്പുറം പെയ്യക്കര കുറത്തിക്കുണ്ട് റോഡ് നിർമ്മാണം (പ്രൊ.നം.269/21) | എ.കെ. വിനോദ് | 62/18-19 | ₹4,16,684/- | 20200347000700727145 തി. 11.11.2020 (ബിൽ തുക ₹4,48,050/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹ 13,442/- |
| വി.ജി.എം സ്കൂൾ മാട്ടുമ്മൽ-തൈപ്പള്ളി റോഡ് നിർമ്മാണം (പ്രൊ.നം.301/21) | എ.കെ. വിനോദ് | 46/20-21 | ₹4,70,934/- | 20200347000701368089 തി. 26.03.2021 (ബിൽ തുക ₹4,95,721/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹ 4,957/- |
| താലൂക്ക് ആശുപത്രി എൻ.എച്ച് റോഡ് ഡ്രൈനേജ് നിർമ്മാണം (പ്രൊ.നം.270/21) | കെ. ഗോപാലൻ | 110/18-19 & 13/19-20 | ₹12,46,285/- | 20200347000701015447 തി. 27.01.2021 (ബിൽ തുക ₹13,11,880/-) | മെയിന്റനൻസ് ഫണ്ട്-റോഡ് | ₹ 13,119/- |
| ജയ്ഹിന്ദ് റോഡ് നിർമ്മാണം രണ്ടാംഘട്ടം (പ്രൊ.നം.224/21) | എ.കെ. വിനോദ് | 60/18-19 | ₹1,86,079/- | 20200347000700245897 തി. 10.06.2021 (ബിൽ തുക ₹1,91,833/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹ 1,918/- |
| നഗരസഭാപരിധിയിലെ എയ്ഡഡ് ഉൾപ്പെടെയുള്ള പൊതു വിദ്യാലയങ്ങൾക്ക് ടോയ്ലറ്റ് (പ്രൊ.നം.236/21) | എം.വി.രമേശൻ | 12/19-20, 19/19-20 &94/19-20 | ₹12,53,449/- | 20200347000700159738 തി. 13.05.2021 (ബിൽ തുക ₹13,19,421/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹ 13,194/- |

| | | | | | | |
|---|---|---|---|---|---|---|
| ചിറപ്പുറം മുനിസിപ്പൽ വായനശാലയ്ക്ക് അനുബന്ധകെട്ടിടം (പ്രൊ.നം.197/21) | സേതുമാധവൻ.കെ.വി | 20/19-20 & 26/19-20 | ₹1,71,400/- | 20200347000701439659 തി. 30.03.2021 (ബിൽ തുക ₹1,84,301/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹ 5,529/- |
| പഴനെല്ലി എച്ചിക്കണ്ട് നടപ്പാത കോൺക്രീറ്റ് (പ്രൊ.നം.208/21) | സേതുമാധവൻ.കെ.വി | 55/19-20 | ₹61,722/- | 20200347000701439661 തി. 30.03.2021 (ബിൽ തുക ₹66,369/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹ 1,991/- |
| | | | | | ആകെ | ₹ 1,01,583/- |

## 1-36 ലൈസൻസ് പൊതു അപാകതകൾ

നീലേശ്വരം നഗരസഭയുടെ 2020-21 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചപ്പോൾ
കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

വൈദ്യുതയന്ത്രം ഉപയോഗിക്കുന്നതിനുള്ള ഫീസ് ഈടാക്കിയിട്ടില്ല

നീലേശ്വരം നഗരസഭയുടെ ലൈസൻസ് രജിസ്റ്ററും രേഖകളും പരിശോധിച്ചതിൽ നിന്നും ചില സ്ഥാപനങ്ങളിൽ നിന്നും
വൈദ്യുതയന്ത്രം ഉപയോഗിക്കുന്നതിന് ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കിയിട്ടില്ല എന്നു കണ്ടെത്തി. വിശദവിവരം ചുവടെ
കൊടുക്കുന്നു.

| ക്രമ നം. | വാർഡ് നമ്പർ, കെട്ടിട നമ്പർ | സ്ഥാപനം | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട ഫീസ് |
|---|---|---|---|---|
| 1 | 32/844 | സുരേഷ് ഇൻഡസ്ട്രീസ് & വെൽഡിംഗ് വർക്ക്സ് | 2.5എച്ച്.പി | 100 |
| 2 | 18/184 | പ്രോംപറ്റ് ഓട്ടോമൊബൈൽ സർവ്വീസ് സ്റ്റേഷൻ | 4എച്ച്.പി | 100 |
| 3 | 18/266, 267 | സീ സൺ റൈസ് & ഫ്ലോർ മിൽ | 10എച്ച്.പി | 200 |
| 4 | 18/349 | ഫ്ലോർ മിൽ | 10എച്ച്.പി | 200 |
| 5 | 32/669 | ഐഡിയൽ എഞ്ചിനീയറിംഗ് വർക്ക്സ് & വുഡൻ ഫർണിച്ചർസ് | 9.5 എച്ച്.പി | 200 |
| ആകെ | | | | 800 |

മേൽ സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതയന്ത്രം ഉപയോഗിക്കുന്നതിനുള്ള ഫീസ് ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

കൂടാതെ ചുവടെ ചേർത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ വൈദ്യുതി യന്ത്രം ആവശ്യമുള്ളവയാണ്. എന്നാൽ ടി സ്ഥാപനങ്ങൾ വൈദ്യുതിയന്ത്രം ഉപയോഗിക്കുന്നുണ്ടോ എന്നും എത്രയെന്നും ലഭ്യമാക്കിയ രേഖകളിൽ നിന്നും വ്യക്തമല്ല.

1. 32/271 – ഹൈപവർ ഇലക്ട്രിക്കൽസ് (മോട്ടോർ പെയിന്റിംഗ് & ഇലക്ട്രിക്കൽ വർക്ക്സ്)
2. 32/420 – മോഡേൺ അലുമിനീയം ഫാബ്രിക്കേഷൻ
3. 32/483 – കിംഗ് ഓട്ടോ ഇലക്ട്രിക്കൽ വർക്ക്
4. വലിയപട്ടം ടൈൽസ് & ബിസിനസ് വെൻച്ചർസ് ഫാക്ടറി ലിമിറ്റഡ്

5. 32/543 – മോഡേൺ റൈസ് & ഫ്ലോർ മിൽ
6. 32/647 – ഷിർദ്ദി അലുമിനിയം ഫാബ്രിക്കേഷൻ
7. 32/1356 – നിത്യാനന്ദ ഓട്ടോവർക്സ്
8. 32/1382 – കിരൺ എഞ്ചിനീയറിംഗ് വർക്സ്
9. 32/1411 – ഭാരത് ഓട്ടോ വർക്സ്
10. 21/482 – ഇ.കെ.എഞ്ചിനീയറിംഗ് വർക്സ്

മേൽ സ്ഥാപനങ്ങൾ വൈദ്യുതി യന്ത്രം ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും ഫീസ് ഈടാക്കുകയും ചെയ്യേണ്ടതാണ്.

രേഖകൾ ഹാജരാക്കിയിട്ടില്ല

താഴെ പറയുന്ന ക്ലിനിക്കുകൾ മെഡിക്കൽ സർവ്വീസസ് ബോർഡിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല,

ക്ലിനിക്കുകൾ

1. AAA Clinic, Dr.K.P.Ahmed
2. Nileshwar Medi Clinic & Dental Clini
3. Dr.Varun Nambiars Dental Clinic
4. CMK Specialist Dental Clinic

താഴെ പറയുന്ന മെഡിക്കൽ ഷോപ്പുകൾ ഡ്രഗ്സ് കൺട്രോൾ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

മെഡിക്കൽ ഷോപ്പുകൾ

1. എം.ഐ.സി ലബോറട്ടറി
2. എം.സി.ലബോറട്ടറി
3. വിവേകാനന്ദ മെഡിക്കൽസ്
4. സി.എച്ച്.കാരുണ്യ മെഡിക്കൽസ്
5. എസ്.ബി.മെഡിക്കൽസ്
6. ജാസ് ഫാർമസി

പുതുതായി ലൈസൻസ് നൽകുകയോ, ലൈസൻസ് പുതുക്കുകയോ ചെയ്യുമ്പോൾ ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന്റെ ഭാഗമായി കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/തിയതി |
|---|---|---|
| 2020-21 | 09.03.2022 മുതൽ 10.03.2022വരെ | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിൽ അനുബന്ധം1ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

## 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| സ്ഥാപനത്തിന്റെ പേര് | പ്രൊജക്റ്റിന്റെ പേര് | വൗച്ചർ നം / ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ, പടിഞ്ഞാറ്റം കൊഴുവൽ വെസ്റ്റ് | ബിൽ റഫറൻസ് നം. 20200347000700153289 തി.11.04.2020 | 1,92,401/- | 1,92,401/- | 0 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ നിടുങ്കണ്ട മുതൽ മീത്തലെ കാവ് വരെ | ബിൽ റഫറൻസ് നം. 20200347000700159740 തി.13.05.2020 | 3,27,710/- | 3,27,710/- | 0 |
| കെ.എസ്.ഇ.ബി | കോട്ടപ്പുറം CHMKSGVHSSഗ്രൗണ്ടിലെ ട്രാൻസ്ഫോമർ മാറ്റി സ്ഥാപിക്കൽ പദ്ധതി | ബിൽ .നം.43/20-21 തി.24.02.2021 | 6,99,803 | 6,99,803 | 0 |
| കെ.എസ്.ഇ.ബി | ചിറപ്പുറം വനിതാ പരിശീലന കേന്ദ്രത്തിന് സർവ്വീസ് കണക്ഷൻ | ചെക്ക്.നം.247745 തി.23.03.2021 | 18,827 | 18,827 | 0 |
| കെ.എസ്.ഇ.ബി | അഴിത്തല കംഫർട്ട് സ്റ്റേഷൻ സർവ്വീസ് കണക്ഷൻ | ചെക്ക്.നം.247745 തി.23.03.2021 | 16,789 | 16,789 | 0 |
| പി.ഡബ്ല്യൂ.ഡി | തൈക്കടപ്പുറം പി.എച്ച്.സി ക്ക് ആർദ്രം പദ്ധതിയിൽ കെട്ടിട നിർമ്മാണം | ബിൽ .നം.36/20-21 തി.30.12..2020 | 25,00,000 | 25,00,000 | 0 |
| കേരള വാട്ടർ അതോറിറ്റി | ചെമ്മാക്കര കുടിവെള്ള പദ്ധതി | ബിൽ റഫറൻസ് നം. 20200347000199290 തി.25.05.2020 | 18,10,000/- | 18,10,000/- | 0 |

## 4-4 മൊബലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പ /വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ 1,50,00,000/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ

തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC PMAY-LIFE | GO(MS)No. 68/2018 Dtd.18.5.2018 | 8,40,00,000 (Upto 31.3.2021) | 6,34,66,667 + തൻവർഷ വരവ് 1,50,00,000/- = ആകെ7,84,66,667/- | 61,20,001 | 0 | 7,23,46,666 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 50,25,000/- |
| തൻവർഷം നിക്ഷേപിച്ചത് | ഇല്ല |
| ആകെ | 50,25,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന തുക | 50,25,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം . (31-03-202 1)

| ക്രമ നം | സ്ഥാപനത്തിന്റെപേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | എ.കെ.ജി ഹോസ്പിറ്റലിന്റെ 5 ഷെയറുകൾ (5000x5) | ലഭ്യമല്ല | ലഭ്യമല്ല | 25,000/- | - |
| 2 | സർട്ടിഫിക്കറ്റ്നം-69/26.12.2016 (ക്ലീൻ കേരള കമ്പനി) | 26.12.2016 | ലഭ്യമല്ല | 50,00,000/- | - |
| ആകെ | | | | 50,25,000/- | - |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,59,449/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 2014-15 | 3-8,3-14,3-15,3-16 | 53,233/- | ടി.പി.രമേശൻ റിട്ട.അസിസ്റ്റന്റ് എഞ്ചിനീയർ | 120060106495 തീയ്യതി.30.11.2020 |
| 2013-14 | 3-8,3-14,3-15,3-16 | 1,06,216/- | ജാക്സൺ ജോസഫ് | 120060111145 |

| | | | | |
|---|---|---|---|---|
| 2014-15 | | | അസിസ്റ്റന്റ് എഞ്ചിനീയർ | തീയ്യതി.12.03.2021 |
| | ആകെ | 1,59,449/- | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 83 | 2003-04 | 3-14-3-1 | നീലേശ്വരം കോട്ടപ്പുറം കടഞ്ഞിമൂല നടപ്പാലം റിപ്പയർ അധിക നിരക്ക് അനുവദിച്ചത് | നഷ്ട തുക നാളിതുവരെ ഈടാക്കിയിട്ടില്ല . ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി (2021-23)- പരിഗണനയിൽ. 02.9.2021 ന് സമിതി സിറ്റിംഗ് നടത്തി . |
| ഖരമാലിന്യ പരിപാലനം പ്രവർത്തന അവലോകനം 2012-13 | - | 2012-13 | 3.1.5.6 പട്ടിക പേജ് 51 | മാലിന്യ ശേഖരണ സംവിധാനമില്ല | സമിതി നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധന റിപ്പോർട്ട് 27.4.2017 ന് സമർപ്പിച്ചിട്ടുണ്ട് . തുടർ നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു (സമിതി പരിഗണനയിൽ- LFAC(2014-16) 65മത് റിപ്പോർട്ട് ) |
| -ടി- | - | 2012-13 | 3.1.5.10 പട്ടിക പേജ് 57 | മാലിന്യ പ്ലാന്റ് പ്രവർത്തിക്കുന്നില്ല | സമിതി നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധന റിപ്പോർട്ട് 27.4.2017 ന് സമർപ്പിച്ചിട്ടുണ്ട് . തുടർ നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു (സമിതി പരിഗണനയിൽ LFAC(2014-16) 65 മത് റിപ്പോർട്ട് ) |

| | | | | | |
|---|---|---|---|---|---|
| -ടി- | - | 2012-13 | 3.1.5.11 പട്ടിക പേജ് 62 | മാലിന്യ പ്ലാന്റിന് അനുവദിച്ച തുക കെട്ടിക്കിടക്കുന്നു | സമിതി നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധന റിപ്പോർട്ട് 27.4.2017 ന് സമർപ്പിച്ചിട്ടുണ്ട് . തുടർ നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു (സമിതി പരിഗണനയിൽ LFAC(2014-16) 65 മത് റിപ്പോർട്ട് ) |
| -ടി- | - | 2012-13 | 3.1.5.13 പട്ടിക പേജ് 69 | വകയിരുത്തിയ തുക പൂർണ്ണമായി വിനിയോഗിക്കുന്നില്ല | സമിതി നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധന റിപ്പോർട്ട് 27.4.2017 ന് സമർപ്പിച്ചിട്ടുണ്ട് .തുടർ നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു (സമിതി പരിഗണനയിൽ LFAC (2014-16) 65 മത് റിപ്പോർട്ട് ) |
| തദ്ദേശ സ്ഥാപനങ്ങളിലെ ഇ ഗവേൺൻസ് സംവിധാനം -അവലോകന റിപ്പോർട്ട് 2017-18 | - | 2017-18 | 2-1 (പേജ് 307to 320 & 467 To 482) | സർക്കാർ നിഷ്കർഷിച്ച പ്രകാരമുള്ള കമ്പ്യൂട്ടറുകൾ ഇല്ല | മറുപടി ലഭ്യമാക്കിയിട്ടില്ല . പരാമർശം തുടരുന്നു |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക

ഇല്ല.

ബി) സർചാർജ്ജ് നടപടി മുഖേന ഈടാക്കിയ /ഈടാക്കുവാനുള്ള തുകയുടെ വിവരം

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക. നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, സ്ഥാനം | ചാർജ് സർട്ടിഫിക്കറ്റ്/സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രശീതി നമ്പർ, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക ,/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2013-14 2014-15 | 3-1, 3-15 Part | ജാക്സൺ ജോസഫ് മുനിസിപ്പൽ എഞ്ചിനിയർ) | KSA.2851/ Spl.cell/csc/ C2/18 തി. 20.08.20 | 106216 | 106216 | | | | 106216 | 0 | Rt.no.01/ 120060 111145/ Dt |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | 12.03.21<br>പ്രകാരം തുക ഒടുക്കി |
| 2 | 2013-14<br>2014-15 | ഖ. 3.8, 3-14 (Part) , 3.15 (Part) | ടി.ടി രമേശൻ അസി. എക്സി. എഞ്ചിനിയർ. | KSA.2851/ Spl.cell/csc/c2/18 തിയതി. 27.10.20 | 53,233 | ₹53,233 | | | | ₹53,233/- | 0 | Rt.no.01/ 120060 106495/ Dt 30.11.20<br>പ്രകാരം തുക ഒടുക്കി |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 23,11,76,565 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 23,62,42,626 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 67,25,751/- |

(ബി). നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖ.നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 6,65,328 | സതീഷ് കുമാർ. പി.വി<br>പട്ടികജാതി വികസന ഓഫീസർ |
| 1-14 | 2,13,123 | സതീഷ് കുമാർ. പി.വി<br>പട്ടികജാതി വികസന ഓഫീസർ |

| | | |
|---|---|---|
| 1-19 | 90,000/- | പ്രമോദ്. കെ.<br>പ്രൊജക്റ്റ് ഓഫീസർ നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| 1-20 | 58,400/- | ശിവജി. സി.കെ<br>സെക്രട്ടറി |
| 1-21 | 22,800/- | ശിവജി. സി.കെ<br>സെക്രട്ടറി |
| 1-22 | 10,400/- | ശിവജി. സി.കെ<br>സെക്രട്ടറി |
| 1-23 | 35,616 | ശിവജി. സി.കെ<br>സെക്രട്ടറി |
| 1-24 | 1,00,170/- | ശിവജി. സി.കെ<br>സെക്രട്ടറി |
| 1-26 | 6,99,803/- | ശിവജി. സി.കെ<br>സെക്രട്ടറി |
| 1-27 | 25,00,000/- | ശിവജി. സി.കെ<br>സെക്രട്ടറി |
| 1-32 | 18,10,000/- | ഗണേശൻ. കെ<br>മുനിസിപ്പൽ എഞ്ചിനിയർ |
| 1-33 | 5,20,111/- | ഗണേശൻ. കെ<br>മുനിസിപ്പൽ എഞ്ചിനിയർ |
| ആകെ | 67,25,751/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 8,836/- | ശിവജി. സി.കെ<br>സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | ഇല്ല | ഇല്ല |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് |
|---|---|---|
| 1987-88, 1988-89 | എൽ.എഫ്.കെ.എസ്.ഡി5/233/99 തിയ്യതി.09.12.2000 | 3 |
| 1989-90,90-91 | എൽ.എഫ്.കെ.എസ്.ഡി5/212/00 തിയ്യതി.19.12.2000 | 6 |
| 1991-92 | എൽ.എഫ്.കെ.എസ്.ഡി7/491/93 തിയ്യതി.22.12./1993 | - |
| 1992-93,93-94, 94-95,95-96 | എൽ.എഫ്.കെ.എസ്.ഡി4/628/05 തിയ്യതി.6.6.06 | 6 |
| 1996-97 | എൽ.എഫ്.കെ.എസ്.ഡി4/612/97 തിയ്യതി.14.5.99 | 15 |
| 1997-98 | എൽ.എഫ്.കെ.എസ്.ഡി5/539/99 തിയ്യതി.3.4.00 | 21 |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി5/694/00 തിയ്യതി.21.12.02 | 25 |
| 1999-00 | എൽ.എഫ്.കെ.എസ്.ഡി5/348/01 തിയ്യതി.27.8.03 | 34 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി5/589/04 തിയ്യതി.18.5.06 | 10 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി4119/06 തിയ്യതി.23.1.07 | 20 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി4/590/04 തിയ്യതി.3.4.06 | 5 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി3/1011/07 തിയ്യതി.15.9.04 | 14 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി3/772/09 തിയ്യതി.10.5.11 | 22 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി3/773/09 തിയ്യതി.12.7.11 | 16 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി3/773/09 തിയ്യതി.8.7.11 | 30 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി3/498/10 തിയ്യതി.29.9.2011 | 15 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി3/499/10 തിയ്യതി.12.09.2011 | 23 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി3/622/10 തിയ്യതി.22.9.11 | 21 |
| 2008-09 | എൽ.എഫ്.കെ.എസ്.ഡി4/689/10 തിയ്യതി.20.10.2011 | 23 |
| 2009-10 | എൽ.എഫ്.കെ.എസ്.ഡി4/397/11 തിയ്യതി.13.12.2011 | 21 |

| | | |
|---|---|---|
| 2010-11 | എൽ.എഫ്.കെ.എസ്.ഡി6/364/11 തിയ്യതി.05.09.2012 | 34 |
| 2011-12& 2012-13 | എൽ.എഫ്.കെ.എസ്.ഡി6/602/14 തിയ്യതി.16.2.15 | 28 |
| 2013-14 & 2014-15 | എൽ.എഫ്.കെ.എസ്.ഡി4/309/14 തി.27.07.2016 | 17 |
| 2015-16 | കെ.എസ്.എ.കെ.എസ്.ഡി4/103/17 തി.02.02.2017 | 21 |
| 2016-17 | കെ.എസ്.എ.കെ.എസ്.ഡി4/1039/17 തി.04.10.2017 | 31 |
| 2017-18 | കെ.എസ്.എ.കെ.എസ്.ഡി4/173/19 തി.08.03.2019 | 37 |
| 2018-19 | കെ.എസ്.എ.കെ.എസ്.ഡി4/173/19 തി.08.03.2019 | 26 |
| 2019-20 | കെ.എസ്.എ.കെ.എസ്.ഡി4/770/21 തി.13.12.2021 | 47 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം കാസറഗോഡ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Nileswaram Municipality<br>INCOME &EXPENDITURE STATEMENT | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 15932446.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 496361.00 |
| 140000000 | Fee & User Charges | I-4(b) | 4677200.00 |
| 150000000 | Sale & Hire Charges | I-5(b) | 1142504.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 258501682.00 |
| 171000000 | Interest Earned | I-8 | 537556.00 |
| 180000000 | Other Income | I-9 | 717510.00 |
| | Total Income | | 282005259.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 25036238.00 |
| 220000000 | Administrative Expenses | I-11(b) | 11013272.00 |
| 230000000 | Operations & Maintenance | I-12(b) | 6636665.00 |
| 240000000 | Interest & Finance Charges | I-13 | 281195.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 188495880.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | I-14 | 12726533.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 23937759.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 3668448.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 54748.00 |
| | Total Expenditure | | 271850738.00 |
| | Gross Surplus/ Deficit of income over Expenditure | | 10154521.00 |
| 280000000 | Prior Period Item | I-18 | 5199419.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 4955102.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം - 4
## റസീറ്റ് & പെമെന്റ് സ്റ്റേറ്റ്മെന്റ്

| Nileswaram Municipality<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 55626340.49 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2463260.00 |

| | | | |
|---|---|---|---|
| 130000000 | Rental income from Panchayat Properties | RP-3 | 8961.00 |
| 140000000 | Fees & User Charges | RP-4 | 3402200.00 |
| 150000000 | Sale & Hire Charges | RP-5 | 1056684.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 130968756.00 |
| 171000000 | Interest Earned | RP-8 | 537556.00 |
| 180000000 | Other Income | RP-9 | 717510.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 11969392.00 |
| | Non Operating | | |
| 311000000 | Earmarked Funds | RP-22 | 10040933.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 57900572.00 |
| 340000000 | Deposits Received | RP-27 | 1978019.00 |
| 350000000 | Other Liabilities | RP-29 | 7011722.00 |
| 460000000 | Loans, Advances and Deposits | RP-41 | 3121000.00 |
| | Grand total | | 286802905.49 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-10 | 9153258.00 |
| 220000000 | Administrative Expenses | RP-11 | 3462035.00 |
| 230000000 | Operations & Maintenance | RP-12 | 5642898.00 |
| 240000000 | Interest & Finance Charges | RP-13 | 281195.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 68716179.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 17294970.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme- Service Sector | RP-16 | 1000000.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 20967943.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-47 | 4642215.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 54748.00 |
| 350000000 | Other Liabilities | RP-29 | 8433562.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 15717247.00 |
| | Non Operating | | |
| 280000000 | Prior Period Item | RP-19 | 1453238.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 1890300.00 |
| 340000000 | Deposits Received | RP-27 | 1895143.00 |
| 350000000 | Other Liabilities | RP-29 | 18403923.00 |
| 410000000 | Fixed Assets | RP-31 | 28044358.00 |
| 412000000 | Capital work in Progress | RP-33 | 24958149.00 |
| 460000000 | Loans, Advances and Deposits | RP-41 | 4231265.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 50231328.49 |
| Cash | Cash | RP-40(b) | 328951.00 |
| | Grand Total | | 286802905.49 |

## അനുബന്ധം - 5
## ബാലൻസ് ഷീറ്റ്

Nileswaram Municipality BALANCE SHEET

| For the period from 01-April-2020 to 31-March-2021 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 101512766.30 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 2755182.00 |
| 312000000 | Reserves | B-3 | 180073691.00 |
| | Total Reserve & Surplus | | 284341639.30 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 23158097.00 |
| | Total Grants, Contributions for Specific Purposes | | 23158097.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 3348929.50 |
| 350000000 | Other Liabilities | B-9 | 11172276.48 |
| | Total Current Liabilities and Provisions | | 14521205.98 |
| | TOTAL LIABILITIES | | 322020942.28 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 227254087.00 |

| | | | |
|---|---|---|---|
| 411000000 | Accumulated Depreciation | B-11 | -38802207.00 |
| 412000000 | Capital Work in Progress | B-11 | 43363020.00 |
| | Total Fixed Assets | | 231814900.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 5025000.00 |
| | Total Investments | | 5025000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 32640089.79 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 50560279.49 |
| 460000000 | Loans, Advances and Deposits | B-18 | 1980673.00 |
| | Total Current Assets, Loans and Advances | | 85181042.28 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 322020942.28 |